# ആരോഗ്യ കേരളം

arogyakeralam newsletter

July 2026

Follow us on

arogyakeralam.gov.in


## ആഴ്ചയിൽ ഡ്രൈ ഡേ



### കായകൽപ്പം: ആരോഗ്യമന്ത്രിയുടെ

# ജനസമ്പർക്ക പരിപാടിക്ക് തുടക്കം



കോഴിക്കോട്: ആരോഗ്യ മേഖലയുടെ നവീകരണത്തിന് പരമാവധി ഫണ്ടുകൾ വിനിയോഗിക്കുമെന്നും ആക്ഷേപങ്ങൾ കുറക്കുമെന്നും ആരോഗ്യ മന്ത്രി കെ മുരളീധരൻ. ആരോഗ്യ മേഖല നേരിടുന്ന വെല്ലുവിളികളും പ്രതിസന്ധികളും നേരിട്ട് മനസ്സിലാക്കി പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ നടത്തുന്ന 'കായകൽപ്പം' ജനസമ്പർക്ക പരിപാടിയുടെ സംസ്ഥാന തല ഉദ്ഘാടനം കോഴിക്കോട്ട് നിർവഹിക്കുകയായിരുന്നു മന്ത്രി. സർക്കാർ ആശുപത്രികളെ സഹായിക്കാൻ മുന്നോട്ടുവരുന്ന സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കും. കെട്ടിടങ്ങളും മറ്റും നിർമിക്കാനും സൗകര്യങ്ങൾ ഒരുക്കാനും സ്ഥാപനങ്ങളുടെ സി.എസ്.ആർ ഫണ്ടുകളും മറ്റും ഉപയോഗപ്പെടുത്തും. ഇതിനെ സ്വകാര്യവത്കരണമായി തെറ്റിദ്ധരിപ്പിക്കാൻ ശ്രമം നടക്കുന്നുവെന്നും മന്ത്രി പറഞ്ഞു.

ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും മനസ്സിലാക്കി ക്രോഡീകരിച്ച് പരിഹാരം കാണും. കെട്ടിടങ്ങൾ, ഉപകരണങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ, ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ കുറവ് എന്നിവ പരിശോധിക്കും. അപകടാവസ്ഥയിലുള്ള കെട്ടിടങ്ങളുടെ കണക്കെടുത്ത് പരിഹാരം കാണും. രോഗികളെ നിലത്ത് കിടത്തുന്ന സാഹചര്യം ഒഴിവാക്കും. കുടിശ്ശികയുള്ളതിനാൽ ജീവൻരക്ഷാ ഉപകരണങ്ങളുടെയടക്കം വിതരണം കമ്പനികൾ നിർത്തിയ സാഹചര്യമുണ്ട്.

(പേജ് 2ൽ തുടർന്നു വായിക്കുക)



ആരോഗ്യവകുപ്പ് മന്ത്രിയുടെ ജനസമ്പർക്ക പരിപാടി 'കായകൽപ്പ'ത്തിന്റെ സംസ്ഥാന തല ഉദ്ഘാടനം കോഴിക്കോട് വെള്ളയിൽ മീനൂസ് ഓഡിറ്റോറിയത്തിൽ ബഹു. ആരോഗ്യ ദേവസ്വം വകുപ്പ് മന്ത്രി ശ്രീ.കെ മുരളീധരൻ നിർവ്വഹിക്കുന്നു.

### വീട്ടിൽ നിന്ന് ആരംഭിച്ച് ആരോഗ്യമന്ത്രി കെ മുരളീധരൻ

# പകർച്ചവ്യാധികൾക്കെതിരെ പോരാടാൻ 'ഡ്രൈ ഡേ'



തിരുവനന്തപുരം: ഡെങ്കിപ്പനിയ്ക്ക് എതിരായ ശുചീകരണ പ്രവർത്തനങ്ങൾക്ക് വീട്ടിൽ നിന്ന് തുടക്കം കുറിച്ച് ആരോഗ്യ ദേവസ്വം മന്ത്രി കെ മുരളീധരൻ. കവടിയാർ ജവഹർ നഗറിലെ വീടും പരിസരവും ശുചിയാണെന്ന് ഉറപ്പാക്കിയ മന്ത്രി സമീപത്തെ വീടുകളിലെത്തി പരിസര ശുചീകരണത്തിന്റെയും ഡ്രൈ ഡേയുടെയും പ്രാധാന്യം വിശദീകരിക്കുകയും ചെയ്തു.

ഡെങ്കിപ്പനിയ്ക്ക് കാരണമാകുന്ന ഈഡിസ് കൊതുകുകളുടെ പ്രജനനം തടയേണ്ടത് പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളിൽ സുപ്രധാനമാണെന്നും ഡ്രൈ ഡേയിലൂടെ ഇത് ഉറപ്പാക്കണമെന്നും മന്ത്രി കെ മുരളീധരൻ വീടുകളിലെത്തി പറഞ്ഞു. വെള്ളം കെട്ടിനിൽക്കാൻ സാദ്ധ്യതയുള്ള സ്ഥലങ്ങൾ എല്ലാ ദിവസവും വൃത്തിയാക്കാൻ സാധിച്ചില്ലെങ്കിലും, ആഴ്ചയിൽ ഒരിക്കലെങ്കിലും നിർബന്ധമായും വൃത്തിയാക്കുക എന്നതാണ് ഡ്രൈ ഡേ ലക്ഷ്യമിടുന്നത്. അതിനാൽ പൊതുജനങ്ങൾ ഏവരും ആരോഗ്യവകുപ്പിന്റെ നിർദേശങ്ങൾ പാലിച്ച് ഈ ദൗത്യത്തിൽ പങ്കാളികളാകണമെന്നും മന്ത്രി അഭ്യർത്ഥിച്ചു. മന്ത്രിയുടെ നേതൃത്വത്തിൽ പ്രദേശത്തെ വീടുകളിലും സന്ദർശനം നടത്തുകയും ബോധവത്ക്കരണ ലഘുലേഖകൾ വിതരണം ചെയ്യുകയും ചെയ്തു. വെള്ളിയാഴ്ചകളിൽ സംസ്ഥാനത്തെ സ്കൂളുകളിൽ, ശനിയാഴ്ചകളിൽ സർക്കാർ ഓഫീസുകളിൽ, ഞായറാഴ്ചകളിൽ വീടുകളിൽ എന്നിങ്ങനെയാണ് ഡ്രൈ ഡേ ആഹ്വാനം ചെയ്തിട്ടുള്ളത്.

പൂച്ചട്ടികൾ, ഫ്രിഡ്ജിന്റെ പിന്നിലെ ട്രേ, പരിസരങ്ങളിൽ അലക്ഷ്യമായി കിടക്കുന്ന ചിരട്ടയുൾപ്പെടെയുള്ള എന്നിവയിൽ വെള്ളം കെട്ടിനിൽക്കുന്നത് കൊതുക് വളരാൻ വഴിയൊരുക്കും. മഴശക്തിപ്പെടുന്നതോടെ ഡെങ്കിപ്പനി കേസുകളിൽ വർദ്ധനവുണ്ടാകുമെന്ന ആരോഗ്യവിദഗ്ദ്ധരുടെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണ് ഡ്രൈ ഡേ ഉൾപ്പടെ കർശനമാക്കികൊണ്ട് ശുചീകരണം വ്യാപകമാക്കാൻ മന്ത്രി കെ മുരളീധരൻ മുന്നിട്ടിറങ്ങിയത്. തിരഞ്ഞെടുപ്പ് കാലമായതിനാൽ ഇക്കുറി മഴക്കാലപൂർവ ശുചീകരണം കാര്യക്ഷമമായി നടക്കാത്തതാണ് ഡെങ്കിയുൾപ്പെടെയുള്ള പകർച്ചവ്യാധികൾ കൂടുതലായി റിപ്പോർട്ട് ചെയ്യാനിടയാക്കിയത്. ഈ സാഹചര്യത്തിൽ വരുന്ന ആഴ്ചകളിലും ഡ്രൈഡേയും കാര്യക്ഷമമായി നടത്തണമെന്നും മന്ത്രി കെ.മുരളീധരൻ അറിയിച്ചു.

പരിപാടിയിൽ ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (പൊതുജനാരോഗ്യം) ഡോ. റീത്ത കെ പി, അഡീഷണൽ ഡയറക്ടർ (ആസൂത്രണം) ഡോ ഉണ്ണിക്കൃഷ്ണൻ, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ ബിന്ദു മോഹൻ, അഡീഷണൽ ജില്ലാ മെഡിക്കൽ ഓഫീസറും ജില്ലാ സർവെയിലൻസ് ഓഫീസറുമായ ഡോ അനിൽ കുമാർ, ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. അർണോൾഡ് ദീപക് തുടങ്ങിയവർ പങ്കെടുത്തു.

(പേജ് ഒന്നിൽ നിന്ന് തുടർച്ച)

### സർക്കാർ ആശുപത്രികളുടെ നവീകരണത്തിന്

# പരമാവധി ഫണ്ടുകൾ വിനിയോഗിക്കും; മന്ത്രി കെ മുരളീധരൻ

## വിർച്വൽ ഓട്ടോപ്സി സംവിധാനം നടപ്പാക്കും

മരുന്നുകളുടെ ലഭ്യതക്കുറവിനും ഇത് കാരണമാകുന്നു. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ ജില്ലാ ആശുപത്രികൾ വരെയുള്ളവയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായാലേ മെഡിക്കൽ കോളേജുകളിലെ പ്രതിസന്ധികൾക്ക് പരിഹാരമാകൂ. എംപിമാരുടെയും എം.എൽ.എമാരുടെയും ഫണ്ടുകൾ ആരോഗ്യ മേഖലയിൽ ചെലവിടുന്നതിന് മുൻഗണന നൽകണം. പുതിയ ചുവടുവെപ്പിനോട് ജനപ്രതിനിധികളും ഉദ്യോഗസ്ഥരും പൊതുജനങ്ങളുമെല്ലാം സഹകരിച്ച് ഒരു കുടുംബമായി മുന്നോട്ടുപോകണമെന്നും മന്ത്രി ആവശ്യപ്പെട്ടു.

ചികിത്സാ പിഴവുകൾ വരുമ്പോൾ കൃത്യമായി പരിശോധിച്ച് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലാകും നടപടിയെടുക്കുക. കിഫ്ബി പദ്ധതികളിൽ പൂർത്തീകരിക്കാനുള്ളവ പൂർത്തിയാക്കും. എന്നാൽ, പുതിയ പദ്ധതികൾ തുടങ്ങുന്നത് സംബന്ധിച്ച് നയപരമായേ തീരുമാനമെടുക്കുവെന്നും മന്ത്രി കൂട്ടിച്ചേർത്തു. ശരീരം കീറിമുറിക്കാതെ പോസ്റ്റ്മോർട്ടം ചെയ്യുന്ന വിർച്വൽ ഓട്ടോപ്സി സംവിധാനം നടപ്പാക്കണമെന്ന ഷാഫി പറമ്പിൽ എം.പിയുടെ ആവശ്യത്തോട് പ്രതികരിച്ച മന്ത്രി അത് നടപ്പാക്കുമെന്ന പ്രഖ്യാപനവും ചടങ്ങിൽ നടത്തി.

വെള്ളയിൽ മീനൂസ് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ അഡ്വ. കെ ജയന്ത് എം.എൽ.എ അധ്യക്ഷനായി. ഷാഫി പറമ്പിൽ എം.പി, എം.എൽ.എമാരായ അഡ്വ. പ്രവീൺകുമാർ, പാറക്കൽ അബ്ദുള്ള, എം എ റസാഖ് മാസ്റ്റർ, അഡ്വ. വിദ്യാ ബാലകൃഷ്ണൻ, കെ എം അഭിജിത്ത്, വി.ടി സൂരജ്, സി കെ കാസിം, ഫൈസൽ ബാബു, ഫാത്തിമ തഹ്‌ലിയ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മില്ലി മോഹൻ കൊട്ടാരത്തിൽ, ജില്ലാ കലക്ടർ എം എസ് മാധവിക്കുട്ടി, കോഴിക്കോട് കോർപ്പറേഷൻ കൗൺസിലർ സഫറി വെള്ളയിൽ, ആരോഗ്യവകുപ്പ് ഡയറക്ടർ ഡോ. കെ ജെ റീന, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ഡോ. കെ വി വിശ്വനാഥൻ, ഐ.എസ്.എം ഡയറക്ടർ ഡോ. കെ.എസ് പ്രിയ, ഹോമിയോ ഡയറക്ടർ ഡോ. ഡോ. എംപി ബീന, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. വി പി രാജേഷ് തുടങ്ങിയവർ സംസാരിച്ചു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, ആരോഗ്യ പ്രവർത്തകർ, പൊതുജനങ്ങൾ തുടങ്ങിയവർ അദാലത്തിൽ പങ്കെടുത്ത് പരാതികളും നിർദേശങ്ങളും സമർപ്പിച്ചു. പൊതുജനങ്ങളിൽനിന്ന് മന്ത്രി നേരിട്ടും നേരത്തെ തയാറാക്കിയ കൗണ്ടറുകൾ വഴിയും പരാതി സ്വീകരിച്ചു. നിയോജകമണ്ഡലം അടിസ്ഥാനത്തിൽ ജനപ്രതിനിധികളുമായും ആരോഗ്യ പ്രവർത്തകരുമായും മന്ത്രി ചർച്ച നടത്തി. ആശുപത്രി കെട്ടിടങ്ങളുടെ ഫിറ്റ്നസ്, ചികിത്സാ ഉപകരണങ്ങൾ, ഒഴിവുകൾ നികത്തൽ, സ്പെഷാലിറ്റി ഡോക്ടർമാരുടെ നിയമനം, പുതിയ പോസ്റ്റുകൾ അനുവദിക്കൽ തുടങ്ങിയ വിഷയങ്ങളായിരുന്നു പ്രധാനമായും ചർച്ച ചെയ്തത്.

### ജുവിന്റെ ഹൃദയം ഇനി മറ്റൊരാളിൽ മിടിക്കും

# ആറ് പേർക്ക് ജുവിൻ പുതുജീവനേകും



തിരുവനന്തപുരം: വാഹനാപകടത്തെ തുടർന്ന് മസ്തിഷ്ക മരണം സംഭവിച്ച ജുവിൻ രാജുവിന്റെ (16) ഹൃദയം ഇനി എറണാകുളം ലിസി ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന കണ്ണൂർ പയ്യന്നൂർ സ്വദേശിയായ 24 കാരനിൽ മിടിക്കും. തൃശൂർ ആളൂർ പേണിക്കപ്പറമ്പിൽ വീട്ടിൽ ജുവിൻ രാജുവിന്റെ ഹൃദയമടക്കം ആറ് അവയവങ്ങളാണ് ദാനം ചെയ്തത്. ജുവിന്റെ ഹൃദയത്തിന് പുറമെ ഒരു വൃക്കയും പാൻക്രിയാസും എറണാകുളം ലിസി ആശുപത്രിയിലെ രോഗിക്കും, മറ്റൊരു വൃക്ക കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലെ രോഗിക്കും, കരൾ എറണാകുളം ആസ്റ്റർ മെഡിസിറ്റിയിലെ രോഗിക്കും നൽകി. രണ്ട് നേത്രപടലങ്ങൾ അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയിലെ ഐ ബാങ്ക് അസോസിയേഷൻ കേരളയിലെ ചികിത്സയിലുള്ളവർക്കുമാണ് കൈമാറിയത്.

വേർപാടിന്റെ വേദനക്കിടയിലും മറ്റുള്ളവരുടെ ജീവിതത്തിന് വെളിച്ചമേകാൻ കുടുംബം എടുത്ത മാതൃകാപരമായ തീരുമാനത്തിന് ആരോഗ്യവകുപ്പ് മന്ത്രി കെ. മുരളീധരൻ നന്ദി അറിയിച്ചു. കുടുംബത്തിന്റെ ദുഃഖത്തിൽ പങ്കുചേരുന്നതായും മന്ത്രി കൂട്ടിച്ചേർത്തു.

ജൂൺ 15ന് രാവിലെ 11:30നും 11:45നും ഇടയിൽ ആളൂർ കദളിചിറയിൽ വെച്ചായിരുന്നു അപകടം സംഭവിച്ചത്. ജുവിൻ സഞ്ചരിച്ചിരുന്ന ഇലക്ട്രിക് സ്കൂട്ടറിൽ മറ്റൊരു വാഹനം ഇടിക്കുകയായിരുന്നു. അപകടത്തിന് തൊട്ടുപിന്നാലെ അടുത്തുള്ള സ്വകാര്യ ആശുപത്രിയിലും, തുടർന്ന് അന്നുരാത്രി തന്നെ വിദഗ്ധ ചികിത്സയ്ക്കായി എറണാകുളം രാജഗിരി ആശുപത്രിയിലും പ്രവേശിപ്പിച്ചു. തീവ്രപരിചരണ വിഭാഗത്തിൽ ചികിത്സയിലിരിക്കെ ജൂൺ 23ന് ജുവിന്റെ മസ്തിഷ്ക മരണം സ്ഥിരീകരിക്കുകയായിരുന്നു. തുടർന്ന് കുടുംബാംഗങ്ങൾ അവയവങ്ങൾ ദാനം ചെയ്യാൻ സമ്മതം നൽകുകയായിരുന്നു.

കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യു ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ (കെസോട്ടോ) വഴിയാണ് അവയവദാന കൈമാറ്റ പ്രക്രിയകൾ ഏകോപിപ്പിച്ചത്. രാത്രി വൈകിയാണ് ശസ്ത്രക്രിയ പൂർത്തിയായത്.

അമ്മ ബീന രാജു, അച്ഛൻ പി വി രാജു , സഹോദരി: ജൂനിയ രാജു എന്നിവരാണ് കുടുംബാംഗങ്ങൾ.

മസ്തിഷ്ക മരണം സംഭവിച്ച

# നവോമി ഇനി ആറുപേരിലൂടെ ജീവിക്കും

## അവയവങ്ങൾ ദാനം ചെയ്ത് കുടുംബം



തിരുവനന്തപുരം: വാഹനാപകടത്തിൽ ഗുരുതരമായി പരിക്കേറ്റ് മസ്തിഷ്ക മരണം സംഭവിച്ച തൃശ്ശൂർ വടക്കാഞ്ചേരി വാണിയ കിഴക്കേൽ വീട്ടിൽ സ്വദേശിനി നവോമി വിൻസെന്റ് (23) ഇനി ആറുപേരിലൂടെ ജീവിക്കും. അകാലത്തിലുണ്ടായ വിയോഗത്തിന്റെ വലിയ ദുഃഖത്തിലും അവയവദാനമെന്ന മഹത്തായ തീരുമാനമെടുത്ത നവോമിയുടെ കുടുംബത്തോട് ആരോഗ്യവകുപ്പ് മന്ത്രി കെ. മുരളീധരൻ ആദരവ് അറിയിച്ചു. കുടുംബത്തിന്റെ ദുഃഖത്തിൽ പങ്കുചേരുന്നതായി മന്ത്രി പറഞ്ഞു.

നവോമിയുടെ രണ്ട് വൃക്കകൾ, കരൾ, രണ്ട് നേത്രപടലങ്ങൾ, ഹൃദയവാൽവ് എന്നിവയാണ് ബന്ധുക്കളുടെ സമ്മതത്തോടെ ദാനം ചെയ്തത്. ഒരു വൃക്ക തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലും, ഒരു വൃക്കയും കരളും തിരുവനന്തപുരം കിംസ് ഹെൽത്ത് ആശുപത്രിയിലും ചികിത്സയിൽ കഴിയുന്ന രോഗികൾക്ക് നൽകി. ഹൃദയവാൽവ് ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയിലേക്കും രണ്ട് നേത്രപടലങ്ങൾ റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്ത്താൽമോളജിയിലേക്കുമാണ് (ആർ.ഐ.ഒ) കൈമാറിയത്. കെസോട്ടോയാണ് അവയവദാന പ്രക്രിയകൾ പൂർണ്ണമായും ഏകോപിപ്പിച്ചത്. അവയവങ്ങൾ മാറ്റിവെക്കുന്നതിനുള്ള ശസ്ത്രക്രിയകൾ നിലവിൽ വിവിധ ആശുപത്രികളിൽ പുരോഗമിക്കുകയാണ്.

തൃശൂർ സെന്റ് തോമസ് കോളേജിൽ നിന്ന് സൈക്കോളജിയിൽ ബിരുദാനന്തര ബിരുദം പൂർത്തിയാക്കിയ നവോമി, തിരുവനന്തപുരം കവടിയാറുള്ള സ്വകാര്യ സ്ഥാപനത്തിൽ പുതിയ ജോലിയിൽ പ്രവേശിക്കാനായുള്ള യാത്രയ്ക്കിടയിലാണ് അപകടത്തിൽപ്പെടുന്നത്. കഴിഞ്ഞ ജൂൺ 25ന് (വ്യാഴാഴ്ച) പുലർച്ചെ നാലോടെ കൊട്ടാരക്കര വാളകത്തുവെച്ച് ഇവർ സഞ്ചരിച്ചിരുന്ന കാർ ലോറിയുമായി കൂട്ടിയിടിക്കുകയായിരുന്നു. അപകടത്തിൽ ഒപ്പമുണ്ടായിരുന്ന അമ്മ ജിപ്സി തങ്കച്ചൻ, അനിയൻ ജോയൽ വിൻസെന്റ് എന്നിവർക്കും ഗുരുതരമായി പരിക്കേറ്റു. ജോയലായിരുന്നു വാഹനം ഓടിച്ചിരുന്നത്.

അപകടത്തിൽ ഗുരുതരമായി പരിക്കേറ്റ മൂവരെയും ഉടൻ കൊട്ടാരക്കരയിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. തുടർന്ന് വിദഗ്ധ ചികിത്സയ്ക്കായി നവോമിയെ തിരുവനന്തപുരം കിംസ് ഹെൽത്ത് ആശുപത്രിയിലേക്ക് മാറ്റിയെങ്കിലും ജൂൺ 28 ഞായറാഴ്ച രാവിലെ 9.28 ഓടെ മസ്തിഷ്ക മരണം സ്ഥിരീകരിച്ചു. തുടർന്ന് അച്ഛൻ വിൻസെന്റും സഹോദരി എയ്ഞ്ചൽ മരിയ വിൻസെന്റും ഉൾപ്പെടെയുള്ള കുടുംബാംഗങ്ങൾ അവയവദാനത്തിന് സന്നദ്ധത പ്രകടിപ്പിക്കുകയായിരുന്നു. അപകടത്തിൽ പരിക്കേറ്റ അമ്മ ജിപ്സിയും അനിയൻ ജോയലും നിലവിൽ തൃശ്ശൂരിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലാണ്.

പകർച്ചവ്യാധി പ്രതിരോധം

# സ്കൂൾതല പ്രചരണ പരിപാടിക്ക് തുടക്കമായി




തിരുവനന്തപുരം: പകർച്ചവ്യാധി പ്രതിരോധത്തിൽ വിദ്യാർത്ഥികൾക്ക് നിർണായക പങ്കുണ്ടെന്ന് ആരോഗ്യ വകുപ്പ് മന്ത്രി കെ. മുരളീധരൻ പറഞ്ഞു. ആരോഗ്യവിദ്യാഭ്യാസ വകുപ്പുകൾ സംയുക്തമായി സംഘടിപ്പിക്കുന്ന പകർച്ചവ്യാധി പ്രതിരോധ സ്കൂൾതല പ്രചാരണ പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം ഗവ. കോട്ടൺ ഹിൽ ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ നിർവഹിക്കുകയായിരുന്നു മന്ത്രി.

മഴക്കാലത്ത് കൊതുകുകളുടെ എണ്ണം വർദ്ധിക്കുന്ന സാഹചര്യത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കണമെന്ന് മന്ത്രി പറഞ്ഞു. വിദ്യാലയങ്ങൾ ശുചിത്വത്തിനും രോഗപ്രതിരോധത്തിനും പ്രത്യേക ശ്രദ്ധ നൽകണം. പനിയും മറ്റ് രോഗമുള്ളവരും ആവശ്യമായ സാഹചര്യങ്ങളിൽ മാസ്ക് ധരിക്കുന്നതുൾപ്പെടെയുള്ള മുൻകരുതലുകൾ സ്വീകരിക്കണം. പകർച്ചവ്യാധികളുടെ വ്യാപനം കൃത്യമായി മനസിലാക്കാൻ പരിശോധനകൾ വർദ്ധിപ്പിച്ചിട്ടുണ്ടെന്നും രോഗവ്യാപനവുമായി ബന്ധപ്പെട്ട വിവരങ്ങൾ ആരോഗ്യ വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാണെന്നും അദ്ദേഹം അറിയിച്ചു.

ശുചിത്വ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മാത്രം ഉത്തരവാദിത്തമല്ലെന്നും സർക്കാർ വകുപ്പുകളും വിദ്യാഭ്യാസ സ്ഥാപനങ്ങളും സന്നദ്ധ സംഘടനകളും പൊതുജനങ്ങളും ഉൾപ്പെടെ എല്ലാവരും പങ്കാളികളാകമെണന്നും മന്ത്രി പറഞ്ഞു. സംസ്ഥാനത്ത് ആഴ്ചയിൽ മൂന്ന് ദിവസം 'ഡ്രൈഡേ' ആചരിച്ച് കൊതുക് വളരാൻ സാദ്ധ്യതയുള്ള ഇടങ്ങൾ ശുചീകരിക്കുന്ന പ്രവർത്തനങ്ങൾ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പാക്കിവരികയാണ്.

സുൽത്താൻ ബത്തേരിയിലെ ഒരു സ്കൂളിൽ വയറിളക്കബാധ റിപ്പോർട്ട് ചെയ്തിരുന്നെങ്കിലും ചികിത്സയിലൂടെ 21 കുട്ടികളും രോഗമുക്തരായതായി മന്ത്രി അറിയിച്ചു. ഷിഗെല്ല ഉൾപ്പെടെയുള്ള ജലജന്യ രോഗങ്ങൾക്കെതിരെയും ഡെങ്കിപ്പനി പോലുള്ള മഴക്കാല രോഗങ്ങൾക്കെതിരെയും ജാഗ്രത തുടരുകയാണ്. നിപ പ്രതിരോധ പ്രവർത്തനങ്ങളും ഇത്തവണ കൂടുതൽ ശക്തമാക്കിയിട്ടുണ്ട്. നിപ രോഗബാധിതന് കോഴിക്കോട് ഗവ. മെഡിക്കൽ കോളജിൽ മികച്ച ചികിത്സ ഉറപ്പാക്കി. ഇതിനായി സംസ്ഥാനത്ത് ലഭ്യമല്ലാതിരുന്ന മരുന്ന് ബഹ്റൈനിൽ നിന്ന് സമയബന്ധിതമായി എത്തിക്കാൻ ആരോഗ്യ വകുപ്പ് നടപടി സ്വീകരിച്ചു. ആരോഗ്യ പ്രവർത്തകരുടെ കൂട്ടായ പ്രവർത്തനമാണ് രോഗപ്രതിരോധ രംഗത്തെ നേട്ടങ്ങൾക്ക് കരുത്താകുന്നതെന്നും മന്ത്രി പറഞ്ഞു.

ജാഗ്രതയോടെ പകർച്ചവ്യാധി പ്രതിരോധത്തിൽ വിദ്യാർഥികൾ പങ്കാളികളാകണമെന്ന് പൊതുവിദ്യാഭ്യാസ മന്ത്രി എൻ ഷംസുദ്ദീൻ പറഞ്ഞു. ജല, കൊതുക്ജന്യ രോഗങ്ങളടക്കമുള്ള പകർച്ചവ്യാധികളെ പ്രതിരോധിക്കാൻ കഴിയണം. കുടുംബാംഗങ്ങളുടെയും പൊതു സമൂഹത്തിന്റെയും ജീവനും ആരോഗ്യത്തിനും സംരക്ഷണമൊരുക്കാൻ പ്രതിജ്ഞയെ പ്രാവർത്തികമാക്കാൻ വിദ്യാർഥികൾക്ക് കഴിയണമെന്നും മന്ത്രി പറഞ്ഞു. വിദ്യാർഥികൾക്ക് മന്ത്രി ശുചിത്വ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. മന്ത്രി എൻ.ഷംസുദ്ദീൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ പകർച്ചവ്യാധി പ്രതിരോധത്തിനുള്ള ഹൈപവർ കമ്മിറ്റി ചെയർമാൻ ഡോ. എസ്. എസ്. ലാൽ വിഷയാവതരണം നടത്തി. കൺവീനർ ഡോ. ശ്രീജിത്ത്. എൻ.കുമാർ ബോധവത്കരണ സന്ദേശം നൽകി. ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ.വി.മീനാക്ഷി സ്വാഗതം ആശംസിച്ചു. അഡീഷണൽ ഡയറക്ടർ (പബ്ലിക് ഹെൽത്ത്) ഡോ. റീത്ത കെ. പി., ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.ബിന്ദു മോഹൻ, ആരോഗ്യകേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ.അർനോൾഡ് ദീപക്, സ്കൂൾ പി.ടി.എ. പ്രസിഡന്റ് ബ്രിജിത്ത് ലാൽ, സ്കൂൾ പ്രിൻസിപ്പൽ ഗ്രീഷ്മ വി, ഹെഡ്മിസ്ട്രസ് ഗീത.ജി, അഡീഷണൽ ഹെഡ്മിസ്ട്രസ് ജീന.എൻ എന്നിവർ പങ്കെടുത്തു.

കുടുംബാംഗങ്ങൾ അവയവങ്ങൾ ദാനം ചെയ്തു

# മൂന്ന്പേർക്ക് പുതുജീവനായി ഷാജിലാൽ പ്രഭു



തിരുവനന്തപുരം: മസ്തിഷ്ക മരണം സംഭവിച്ച തമിഴ്നാട് കുളച്ചൽ ഇരുമ്പിലിൽ സ്വദേശി ഷാജിലാൽ പ്രഭു (46) മൂന്ന് പേർക്ക് പുതുജീവനേകി യാത്രയായി. ഷാജിലാലിന്റെ ഹൃദയവാൽവ്, രണ്ട് നേത്രപടലങ്ങൾ എന്നീ അവയവങ്ങളാണ് ബന്ധുക്കളുടെ സമ്മതത്തോടെ ദാനം ചെയ്തത്. ഹൃദയവാൽവ് ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയിലേയും രണ്ട് നേത്രപടലങ്ങൾ റീജിയനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്ത്താൽമോളജിയിലേയും ചികിത്സയിൽ കഴിയുന്ന രോഗികൾക്കുമാണ് നൽകിയത്. അപ്രതീക്ഷിതമായി എത്തിയ വിയോഗത്തിന്റെ ദുഃഖത്തിനിടയിലും അവയവദാനത്തിന് തീരുമാനമെടുത്ത ഷാജിലാൽ പ്രഭുവിന്റെ കുടുംബത്തെ ആരോഗ്യവകുപ്പ് മന്ത്രി കെ. മുരളീധരൻ ആദരവ് അറിയിക്കുകയും കുടുംബത്തിന്റെ ദുഃഖത്തിൽ പങ്കുചേരുന്നതായി അറിയിക്കുകയും ചെയ്തു.

തമിഴ്നാട് കുളച്ചൽ ഇരുമ്പിലിൽ സ്വദേശിയും കേബിൾ ഓപ്പറേറ്ററുമായ ഷാജിലാൽ പ്രഭുവിന് ജൂൺ 25ന് വൈകിട്ട് നാല് മണിയോടെയാണ് അപകടം സംഭവിച്ചത്. തിക്കണംകോട് ഏരിയയിലെ മത്തിക്കോട് എന്ന സ്ഥലത്ത് ജോലി ചെയ്യുന്നതിനിടെ ഏണിയിൽ നിന്ന് താഴെ വീഴുകയായിരുന്നു.

ഉടൻ തന്നെ അദ്ദേഹത്തെ കരിങ്കൽ അണ്ണൈ ആശുപത്രിയിലും പിന്നീട് നാഗർകോവിലിലെ മുത്തുന്യൂറോ ആശുപത്രിയിലും പ്രവേശിപ്പിച്ചെങ്കിലും നില അതീവ ഗുരുതരമായി തുടർന്നു. തുടർന്ന് അന്നുതന്നെ രാത്രി 11 മണിയോടെ തിരുവനന്തപുരത്തെ കിംസ് ആശുപത്രിയിലേക്ക് മാറ്റുകയായിരുന്നു. ജൂൺ 29ന് രാത്രി എട്ട് മണിയോടെ മസ്തിഷ്ക മരണം സ്ഥിരീകരിച്ചു. തുടർന്ന് ഷാജിലാലിന്റെ അവയവങ്ങൾ ദാനം ചെയ്യാൻ കുടുംബാംഗങ്ങൾ മുന്നോട്ട് വരികയായിരുന്നു. ഭാര്യ എ അമൃത, അസ്മിക ലാൽ, അശ്വൻ ലാൽ എന്നിവരാണ് മക്കൾ.

കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യു ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ (കെസോട്ടോ) വഴിയാണ് അവയവ കൈമാറ്റ പ്രക്രിയകൾ ഏകോപിപ്പിച്ചത്.

## ഉന്നതാധികാര കമ്മിറ്റി പ്രാഥമിക റിപ്പോർട്ട് മന്ത്രി കെ.മുരളീധരന് കൈമാറി

# പകർച്ചവ്യാധി പ്രതിരോധം അതിവേഗം

തിരുവനന്തപുരം: പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ രൂപീകരിച്ച ഉന്നതാധികാര കമ്മിറ്റിയുടെ പ്രാഥമിക റിപ്പോർട്ട് ആരോഗ്യ ദേവസ്വം മന്ത്രി കെ.മുരളീധരന് സമർപ്പിച്ചു. സെക്രട്ടേറിയറ്റിലെ മന്ത്രിയുടെ ഓഫീസിൽ നടന്ന ചടങ്ങിൽ കമ്മിറ്റി ചെയർമാൻ ഡോ. എസ്.എസ്.ലാൽ,കൺവീനർ ഡോ. ശ്രീജിത്ത്.എൻ.കുമാർ, അംഗം ഡോ. എ.അൽത്താഫ് എന്നിവർ ചേർന്നാണ് റിപ്പോർട്ട് കൈമാറിയത്. റിപ്പോർട്ട് വിശദമായി പരിശോധിച്ച് അടിയന്തരപ്രാധാന്യത്തോടെ തുടർനടപടികൾ സ്വീകരിക്കുമെന്ന് മന്ത്രി കെ. മുരളീധരൻ പറഞ്ഞു. കൂടുതൽ ചർച്ച നടത്തി വിവിധ ജില്ലകളിലെ ഹോട്ട്സ്പോട്ടുകൾ സന്ദർശിച്ച് കമ്മിറ്റി വിശദമായ റിപ്പോർട്ട് പിന്നീട് നൽകും. നിപ എന്തുകൊണ്ട് പ്രത്യേക സ്ഥലങ്ങളിൽ മാത്രം കാണുന്നു, അമീബിക് മസ്തിഷ്കജ്വരത്തിന്റെ ഉറവിടം തുടങ്ങിയ കാര്യങ്ങളിൽ സമിതി വിശദമായ പഠനം നടത്തും. പകർച്ചവ്യാധികൾ പടരുന്ന സാഹചര്യത്തിൽ വേഗത്തിൽ ആശ്വാസം കിട്ടുന്നതിനുള്ള കമ്മിറ്റി ശുപാർശകൾ ഉടൻ നടപ്പിലാക്കും. ചുരുങ്ങിയ ദിവസത്തിനുള്ളിൽ പ്രാഥമിക റിപ്പോർട്ട് സമർപ്പിച്ച കമ്മിറ്റിയോട് മന്ത്രി നന്ദി അറിയിച്ചു. മുൻ വർഷം ഇതേ കാലയളവിൽ റിപ്പോർട്ട് ചെയ്യപ്പെട്ട ഡെങ്കിപ്പനി കേസുകളെക്കാൾ കുറവാണ് ഈ വർഷം ഇതുവരെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതെന്ന് കമ്മിറ്റി വിലയിരുത്തി. അതേസമയം ഷിഗല്ല പോലുള്ള ജലജന്യ രോഗങ്ങൾ ഈ വർഷം കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടുന്നു. എൽനിനോ പ്രതിഭാസത്തിന്റെയും ആഗോള തലത്തിൽ സംഭവിക്കുന്ന കാലാവസ്ഥാ മാറ്റങ്ങളുടേയും തുടർച്ചയായി ഡെങ്കിപ്പനി, ചിക്കുൻഗുനിയ പോലുള്ള കൊതുക്ജന്യ രോഗങ്ങൾ വരും മാസങ്ങളിൽ കൂടുതൽ വ്യാപകമാകാനുള്ള സാധ്യതയുണ്ട്. അതിനാൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ ജാഗ്രതയോടെ തുടരണം. പകർച്ചവ്യാധി പ്രതിരോധയജ്ഞം ഗോൾ എന്ന പേര് നൽകി പരിപാടികൾ നടപ്പാക്കണമെന്നും കമ്മിറ്റി ശുപാർശയുണ്ട്.




> നിപ എന്തുകൊണ്ട് പ്രത്യേക സ്ഥലങ്ങളിൽ മാത്രം കാണുന്നു? അമീബിക് മസ്തിഷ്കജ്വരത്തിന്റെ ഉറവിടം തുടങ്ങിയ കാര്യങ്ങളിൽ സമിതി വിശദമായ പഠനം നടത്തും. പകർച്ചവ്യാധികൾ പടരുന്ന സാഹചര്യത്തിൽ വേഗത്തിൽ ആശ്വാസം കിട്ടുന്നതിനുള്ള കമ്മിറ്റി ശുപാർശകൾ ഉടൻ നടപ്പിലാക്കും.

## പൊതുവായ ശുപാർശകൾ

**1** പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കുന്നതിന് വിവിധ വകുപ്പുകളുടെ ഏകോപിച്ചുള്ള പ്രവർത്തനം അനിവാര്യമാണ്. ഏകാരോഗ്യ സമീപനത്തിന്റെ കൂടി പശ്ചാത്തലത്തിൽ രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ സംസ്ഥാനതല ഏകോപനം സാദ്ധ്യമാക്കാൻ ആരോഗ്യം, വിദ്യാഭ്യാസം, തദ്ദേശസ്വയംഭരണം, വനം, കൃഷി, പൊതുമരാമത്ത്, മൃഗസംരക്ഷണം തുടങ്ങിയ വകുപ്പുകളുടെ ഉന്നതതല യോഗം ആരോഗ്യ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഉടൻ യോഗം ചേരുന്നത് ഉചിതമായിരിക്കും.

**2** ഡെങ്കിപ്പനിയുൾപ്പടെയുള്ള പകർച്ചവ്യാധികൾ വരും നാളുകളിൽ കൂടുതൽ വ്യാപകമാകാനുള്ള സാദ്ധ്യതകണക്കിലെടുത്ത് അടുത്ത മൂന്ന് മാസക്കാലം സംസ്ഥാനത്തുടനീളം കൊതുക് നശീകരണ, മാലിന്യ സംസ്കരണ, ശുചീകരണ തീവ്രയജ്ഞം നടത്തണം. ഈയാഴ്ച തന്നെ അതിന് തുടക്കമിടണം.

**3** ഡെങ്കിപ്പനി, ചിക്കുൻ ഗുനിയ, എലിപ്പനി, ഷിഗല്ല പോലുള്ള പകർച്ചവ്യാധികളുടെ നിയന്ത്രണം കൂടുതൽ ഫലപ്രദമാക്കുന്നതിന് ഇത്തരം രോഗങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടുന്ന ഹോട്ട്സ്പോട്ടുകൾ കണ്ടെത്തേണ്ടത് അനിവാര്യമാണ്. ആരോഗ്യ വകുപ്പ് ഫീൽഡ് തല ജീവനക്കാരെ ഉപയോഗിച്ച് Integrated Disease Surveillance Programme (IDSP) രോഗ നിരീക്ഷണ സംവിധാനത്തിന്റെ സഹായത്തോടെ ഇത്തരം ഹോട്ട്സ്പോട്ടുകൾ കണ്ടെത്തി പ്രതിരോധ നടപടികൾ ഊർജ്ജിതപ്പെടുത്തണം.

**4** ഷിഗല്ലയുൾപ്പെടെയുള്ള ജലജന്യ രോഗങ്ങളുടെ വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ശുചിത്വ ബോധവൽക്കരണം ശക്തമാക്കണം. ജല സ്രോതസ്സുകൾ മലിനമായിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതിന്റെ ചുമതല അതത് പ്രദേശത്തെ ഫീൽഡ് തല ആരോഗ്യ പ്രവർത്തകർക്കും ഫുഡ് സേഫ്റ്റി ഓഫീസർക്കും നൽകണം. ജല പരിശോധന നടത്താൻ വേണ്ട ഫീൽഡ് ടെസ്റ്റ് കിറ്റുകൾ ഈ ആരോഗ്യ പ്രവർത്തകർക്കും ലഭ്യമാക്കണം.

**5** റസ്റ്റോറന്റുകളുടെയും ഭക്ഷ്യവസ്തുക്കൾ വിൽക്കുന്ന തട്ടുകടകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുടെയും ശുചിത്വവും സുരക്ഷിതത്വവും ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരവും പരിശോധിക്കാൻ എല്ലാ പ്രദേശങ്ങളിലും ഫുഡ് സേഫ്റ്റി ഉദ്യോഗസ്ഥരുടെയും ആരോഗ്യ വകുപ്പിലെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും ഹെൽത്ത് ഇൻസ്പെക്ടർ/ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെയും സംയുക്ത പരിശോധന സ്ക്വാഡുകൾ രൂപീകരിക്കണം. ഫീൽഡ് തല പരിശോധനക്ക് വേണ്ട ടെസ്റ്റ് കിറ്റുകളും ചെക്ക് ലിസ്റ്റുകളും അവർക്ക് നൽകണം. മൂന്ന് മാസത്തിൽ ഒരു തവണയെങ്കിലും എല്ലാ ഭക്ഷണ ശാലകളും പരിശോധിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തണം. ഹോട്ടൽ /റസ്റ്റോറന്റ് മേഖലയിലെ സംഘടനകളെയും തൊഴിലാളികളെയും പരിശീലിപ്പിക്കുകയും രോഗ നിയന്ത്രണത്തിൽ പങ്കാളികളാക്കുകയും ചെയ്യണം.

**6** എലിപ്പനിക്കെതിരായ ബോധവൽക്കരണം ശക്തമാക്കണം. എലിപ്പനി പകരാൻ സാധ്യതയുള്ള തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് തൊഴിൽ/ കൃഷി/ തദ്ദേശ ഭരണ വകുപ്പുകളുടെ സഹകരണത്തോടെ രോഗപ്രതിരോധ മാർഗങ്ങൾ (കയ്യുറ, ബൂട്ട്സ് തുടങ്ങിയവ) ലഭ്യമാക്കുകയും അവ ഉപയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യണം. രോഗപ്രതിരോധത്തിന്റെ ഭാഗമായി ഡോക്സിസൈക്ലിൻ ആന്റിബയോട്ടിക് മരുന്ന് നൽകുന്നത് ആരോഗ്യവകുപ്പ് നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡപ്രകാരം ആയിരിക്കണം.

**7** പകർച്ചവ്യാധികൾ നിർണയിക്കാനുള്ള രോഗപരിശോധന സാമഗ്രികൾ എല്ലാ ജില്ലകളിലും ലഭ്യമാക്കണം. കോട്ടയം, തൃശ്ശൂർ, പാലക്കാട്, ഇടുക്കി ജില്ലകളിൽ നിർമ്മാണം പൂർത്തിയായ പബ്ലിക് ഹെൽത്ത് ലബോറട്ടറികൾ ഉടനെ തുറന്ന് പ്രവർത്തിക്കാൻ നടപടി സ്വീകരിക്കണം.

**8** ഏകാരോഗ്യം, മൃഗജന്യ രോഗങ്ങളുടെ സർവേയലൻസ്, മൃഗസാമ്പിൾ പരിശോധന എന്നിവയുടെ ഏകോപനം ഉറപ്പാക്കാൻ ഓരോ ജില്ലയിലും വനം, മൃഗ സംരക്ഷണ വകുപ്പുകളിൽ നിന്ന് ഒരു വെറ്ററിനറി ഡോക്ടറുടെയോ ഉദ്യോഗസ്ഥന്റെയോ സേവനം ആരോഗ്യവകുപ്പിൽ ലഭ്യമാക്കാൻ നടപടിയുണ്ടാകണം.

**9** പകർച്ചപ്പനി വ്യാപന പശ്ചാത്തലത്തിൽ ആരോഗ്യ വകുപ്പിലെയും മെഡിക്കൽ കോളജുകളിലെയും ഡോക്ടർമാരുടെയും നഴ്സുമാരുടെയും മറ്റ് പാരാമെഡിക്കൽ ജീവനക്കാരുടെയും ഒഴിവുകൾ അടിയന്തരമായി നികത്തണം. ആരോഗ്യ വകുപ്പിൽ ഇപ്പോൾ 800ലധികം ഡോക്ടർമാരുടെ ഒഴിവുകളുണ്ട്. ഇവ നികത്തുന്നതിനായി സ്ഥാനക്കയറ്റവും PSC നിയമനവും വേഗത്തിലാക്കണം. കുടുംബാരോഗ്യ കേന്ദ്രങ്ങൾ മുതൽ ജില്ലാ, ജനറൽ ആശുപത്രികൾ വരെ എല്ലാ തലങ്ങളിലും ചികിത്സക്കും പ്രതിരോധ പ്രവർത്തനങ്ങൾക്കും കൂടുതൽ ഡോക്ടർമാരുടെയും പാരമെഡിക്കൽ ജീവനക്കാരുടെയും ആരോഗ്യപ്രവർത്തകരുടെയും സേവനം ആവശ്യമായി വന്നാൽ NHM / തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന അവരെ താൽക്കാലികമായി നിയമിക്കാൻ നടപടികൾ സ്വീകരിക്കണം.

**10** പകർച്ചവ്യാധികൾ പടരുമ്പോൾ ഡോക്ടറുടെ നിർദ്ദേശമില്ലാതെ ആന്റിബയോട്ടിക് മരുന്നുകൾ ഉപയോഗിക്കുന്നില്ല എന്ന് ഉറപ്പുവരുത്തണം. ആന്റിബയോട്ടിക് മരുന്നുകളുടെ ദുരുപയോഗം തടയാൻ ആരോഗ്യവകുപ്പ് ഫലപ്രദമായ നടപടികൾ സ്വീകരിക്കണം.

# 17.53ലക്ഷം കുട്ടികൾ പോളിയോ തുള്ളിമരുന്ന് സ്വീകരിച്ചു




തിരുവനന്തപുരം: സംസ്ഥാനത്ത് പൾസ് പോളിയോ ഇമ്മ്യൂണൈസേഷനിൽ 5 വയസിനു താഴെയുള്ള 17.53 ലക്ഷം കുഞ്ഞുങ്ങൾക്ക് ബൂത്തുകളിൽ തുള്ളി മരുന്ന് നൽകിയതായി ആരോഗ്യവകുപ്പ് മന്ത്രി കെ.മുരളീധരൻ അറിയിച്ചു. 19.8 ലക്ഷം കുട്ടികൾക്കാണ് നൽകേണ്ടിയിരുന്നത്. 88.53 ശതമാനം കുട്ടികൾ മരുന്നു സ്വീകരിച്ചു. ആരോഗ്യ പ്രവർത്തകരും വോളന്റിയർമാരും തിങ്കൾ, ചൊവ്വ ദിവസങ്ങളിൽ സംസ്ഥാനത്തെ എല്ലാ വീടുകളും സന്ദർശിച്ച് അവശേഷിക്കുന്ന കുട്ടികൾക്ക് കൂടി മരുന്ന് നൽകും.

പോളിയോ വൈറസിനെ തുടച്ച് നീക്കാൻ അഞ്ചു വയസുവരെയുള്ള എല്ലാ കുട്ടികളും മരുന്ന് സ്വീകരിക്കണം. മരുന്ന് സ്വീകരിക്കാത്ത എല്ലാ കുട്ടികളുടെയും മാതാപിതാക്കൾ തിങ്കൾ, ചൊവ്വ ദിവസങ്ങളിൽ കുട്ടികൾക്ക് മരുന്ന് നൽകാൻ മുൻകൈ എടുക്കണമെന്ന് ആരോഗ്യവകുപ്പ് മന്ത്രി അഭ്യർത്ഥിച്ചു.

പൾസ് പോളിയോ ഇമ്മ്യൂണൈസേഷന്റെ സംസ്ഥാനതല ഉദ്ഘാടനം തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ കുഞ്ഞുങ്ങൾക്ക് പോളിയോ തുള്ളിമരുന്ന് നൽകിയാണ് മന്ത്രി കെ. മുരളീധരൻ നിർവഹിച്ചത്.

നിപ, ഷിഗല്ല തുടങ്ങിയ പകർച്ചവ്യാധികളെ തടയാൻ ആരോഗ്യവകുപ്പ് സജ്ജമാണെന്ന് മന്ത്രി പറഞ്ഞു. കേരളത്തിൽ കഴിഞ്ഞ 26 വർഷമായി പോളിയോ റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിലും ഭാവിയിലെ സാധ്യതകൾ മുന്നിൽക്കണ്ട് മുൻകരുതലുകൾ ശക്തമാക്കണം. ആരോഗ്യമേഖല പൊതുമേഖലയിൽ തന്നെ ശക്തമായി മുന്നോട്ട് കൊണ്ടുപോകും. നദികളും തോടുകളും മാലിന്യമുക്തമാക്കാനും ഭക്ഷ്യസുരക്ഷ ഉറപ്പാക്കാനുമുള്ള പദ്ധതികൾ തദ്ദേശ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പാക്കും. തിരുവനന്തപുരത്തെ രണ്ടാമത്തെ മെഡിക്കൽ കോളേജിന് ഈ വർഷം തന്നെ അംഗീകാരം ലഭ്യമാക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണെന്നും മന്ത്രി കെ മുരളീധരൻ വ്യക്തമാക്കി.

ആരോഗ്യ കേരളം സ്റ്റേറ്റ് മിഷൻ ഡയറക്ടർ അനു എസ് നായർ ഐഎഎസ് അധ്യക്ഷത വഹിച്ചു. ആരോഗ്യവകുപ്പ് ഡയറക്ടർ ഡോ. വി മീനാക്ഷി, തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ബിന്ദു മോഹൻ, ലോകാരോഗ്യ സംഘടന പോളിയോ സർവയിലൻസ് ഓഫീസർ ഡോ. സൈറ ബാനു, കൗൺസിലർമാരായ സൂര്യ.വി.എസ്, അഡ്വ ജി.വേണുഗോപാൽ, അഡീഷണൽ ഡയറക്ടർമാരായ ഡോ.ബി. ഉണ്ണികൃഷ്ണൻ, ഡോ. കെ.സന്ദീപ്, ഡെപ്യൂട്ടി ഡയറക്ടർ ഡോ.പി. പ്രസന്നകുമാരി, സ്റ്റേറ്റ് മാസ് എജുക്കേഷൻ ആൻഡ് മീഡിയ ഓഫീസർ ഡോമി ജോൺ, ജില്ലാ ആർ.സി.എച്ച് ഓഫീസർ ഡോ.ശില്പ ബാബു തോമസ്, ആരോഗ്യ കേരളം തിരുവനന്തപുരം ജില്ലാ പ്രോഗ്രാം മാനേജർ ഡോ.അർണോൾഡ് ദീപക്, ആശുപത്രി സൂപ്രണ്ട് ഡോ. ജെ സ്വപ്ന കുമാരി, തുടങ്ങിയവർ പങ്കെടുത്തു.

# വൃത്തിയുള്ള നാടിനും ആരോഗ്യമുള്ള ജനതയ്ക്കുമായി 'തിളക്കം 2026'




ഇടുക്കി: പകർച്ച വ്യാധികൾക്കെതിരെയും ആരോഗ്യമുള്ള ജീവിതശൈലി പ്രോത്സാഹിപ്പിക്കുന്നതിനുമായി ഇടുക്കി ജില്ലയിലെ വാഴത്തോപ്പ് പഞ്ചായത്ത് 'തിളക്കം 2026' കാമ്പയിന് തുടക്കം കുറിച്ചു.

പഞ്ചായത്തിലെ മുഴുവൻ ജനവിഭാഗങ്ങളുടെയും സഹകരണത്തോടെ നടപ്പാക്കുന്ന പദ്ധതിയിൽ വിവിധ കാലാവസ്ഥകളിലെ പകർച്ച വ്യാധികൾക്കെതിരെയുള്ള അവബോധവും മികച്ച ജീവിതശൈലി നിയന്ത്രണവുമാണ് ലക്ഷ്യം വയ്ക്കുന്നത്. പഞ്ചായത്തിലെ എല്ലാ സ്കൂളുകളും കേന്ദ്രീകരിച്ച് ആരംഭിച്ച പ്രവർത്തനം കലാലയങ്ങളിലേക്കും ഓഫീസുകളിലേക്കും ശേഷം വീടുകളിലേക്കും വ്യാപിക്കുന്ന തരത്തിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. തദ്ദേശസ്വയം ഭരണസ്ഥാപനത്തിന്റെയും കുടുംബാരോഗ്യകേന്ദ്രത്തിന്റെയും നേതൃത്വത്തിലാണ് പദ്ധതി നടപ്പാക്കുന്നത്. ആദ്യഘട്ടപ്രവർത്തനങ്ങളും സ്കൂൾ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങളും പൂർത്തിയായി. വരും ദിവസങ്ങളിൽ പഞ്ചായത്തിലെ മുഴുവൻ ജനങ്ങളിലേക്കും 'തിളക്കം 2026' ന്റെ ഫലപ്രാപ്തി എത്തിച്ചേരും.

പോളിയോക്കെതിരെ

# വീണ്ടും ഹക്കീം കമ്പാറിന്റെ ബോധവത്കരണ യാത്ര




കാസർഗോഡ്: ദേശീയ പൾസ് പോളിയോ പ്രതിരോധ ദിനത്തോടനുബന്ധിച്ച് വേറിട്ട ബോധവത്കരണവുമായി പോളിയോ ബാധിതനായ ഹക്കീം കമ്പാർ വീണ്ടുമെത്തുന്നു. മുച്ചക്ര സ്കൂട്ടറിൽ കാസർഗോഡ് മുതൽ തലപ്പാടി വരെ ഹക്കീം നടത്തുന്ന പോളിയോ ബോധവത്കരണ യാത്ര ഇത് മൂന്നാം തവണയാണ്. കഴിഞ്ഞ 20 വർഷത്തോളമായി പോളിയോ രോഗ പ്രതിരോധ രംഗത്ത് സജീവ സാന്നിധ്യമാണ് ഇദ്ദേഹം.

മഞ്ചേശ്വരം ബ്ലോക്ക് ഫാമിലി ഹെൽത്ത് സെന്റർ ജീവനക്കാരനായ ഹക്കീം കമ്പാർ ഔദ്യോഗിക ജീവിതത്തിലും സാമൂഹിക രംഗത്തും ഒരു പോലെ സജീവമാണ്.

ജൂൺ 28ന് നടന്ന ദേശീയ പൾസ് പോളിയോ പ്രതിരോധ ദിനത്തിൽ അഞ്ചുവയസ്സിൽ താഴെയുള്ള എല്ലാ കുട്ടികൾക്കും പോളിയോ തുള്ളിമരുന്ന് നൽകി സുരക്ഷിതരാക്കാൻ പ്രേരിപ്പിച്ചു കൊണ്ടാണ് ഹക്കീമിന്റെ ഈ യാത്ര. 'വൈറസിന്റെ മുന്നേറ്റത്തിന് റെഡ് കാർഡ് നൽകാം, രണ്ട് തുള്ളിയിൽ കുഞ്ഞുങ്ങളുടെ ആരോഗ്യം കാക്കാം' എന്ന സന്ദേശം ജനങ്ങളിലേക്ക് എത്തിക്കുകയാണ് ഈ യാത്രയുടെ ലക്ഷ്യം.

പോളിയോ പ്രതിരോധ വാക്സിൻ ബോധവൽക്കരണയാത്ര കാസർകോട് ജനറൽ ഹോസ്പിറ്റലിൽ സൂപ്രണ്ട് കുമാർ മുകുന്ദൻ ഫ്ളാഗ് ഓഫ് ചെയ്തു. ഡോ ജമാലുദ്ദീൻ, നഴ്സിങ് സൂപ്രണ്ട് നിർമ്മല അഗസ്റ്റിൻ, ജെ എച്ച് ഐ ശ്രീജിത് എന്നിവർ പരിപാടിയിൽ സംബന്ധിച്ചു.



# 14 ആരോഗ്യ സ്ഥാപനങ്ങൾക്ക് ദേശീയ അംഗീകാരത്തിന്റെ തിളക്കം



തിരുവനന്തപുരം: സംസ്ഥാനത്തെ 14 ആരോഗ്യസ്ഥാപനങ്ങൾക്ക് ദേശീയ ഗുണനിലവാര അംഗീകാരം ലഭിച്ചതായി ആരോഗ്യ ദേവസ്വം വകുപ്പ് മന്ത്രി കെ. മുരളീധരൻ അറിയിച്ചു. ഗർഭിണികൾക്കുള്ള ഓപ്പറേഷൻ തീയേറ്ററിന്റെയും ലേബർറൂമിന്റെയും ഉയർന്ന നിലവാരത്തിനുള്ള ലക്ഷ്യ, നവജാത ശിശുക്കളുടെയും കുട്ടികളുടെയും പരിചരണ വിഭാഗങ്ങളുടെ മികവിനുള്ള മുസ്കാൻ എന്നീ സർട്ടിഫിക്കേഷനുകളും വിവിധ ആരോഗ്യസ്ഥാപനങ്ങൾക്ക് നാഷണൽ ക്വാളിറ്റി അഷുറൻസ് സ്റ്റാന്റേർഡ്സ് (എൻ.ക്യു.എ.എസ്.) അംഗീകാരവുമാണ് ലഭിച്ചത്.

തൃശൂർ ഇരിഞ്ഞാലക്കുട ജനറൽ ആശുപത്രിക്ക് ലക്ഷ്യ, മുസ്കാൻ സർട്ടിഫിക്കേഷനുകൾ ലഭിച്ചു. കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിക്ക് ലക്ഷ്യ സർട്ടിഫിക്കേഷനും തൃശൂർ മെഡിക്കൽ കോളേജ് ആശുപത്രിക്ക് മുസ്കാൻ സർട്ടിഫിക്കേഷനും ലഭിച്ചു.

ആലപ്പുഴ ജനറൽ ആശുപത്രി, തിരുവനന്തപുരം കല്ലിയൂർ പ്രാഥമിക ആരോഗ്യകേന്ദ്രം, തിരുവനന്തപുരം കളിപ്പാങ്കുളം നഗര പ്രാഥമിക ആരോഗ്യകേന്ദ്രം, തിരുവനന്തപുരം കള്ളിക്കാട് മെയിൻ സെന്റർ ജനകീയ ആരോഗ്യ കേന്ദ്രം, ആലപ്പുഴ ഒറ്റപ്പന ജനകീയ ആരോഗ്യ കേന്ദ്രം, ഇടുക്കി കുളപ്പുറച്ചാൽ ജനകീയ ആരോഗ്യ കേന്ദ്രം, തൃശൂർ പരിയാരം പ്രാഥമിക ആരോഗ്യകേന്ദ്രം, വയനാട് ചൂതുപാറ ജനകീയ ആരോഗ്യ കേന്ദ്രം, വയനാട് തൃക്കൈപ്പറ്റ ജനകീയ ആരോഗ്യ കേന്ദ്രം, വയനാട് പനവല്ലി ജനകീയ ആരോഗ്യ കേന്ദ്രം, കാസർകോട് ബളാൽ ജനകീയ ആരോഗ്യ കേന്ദ്രം എന്നീ ആരോഗ്യ കേന്ദ്രങ്ങൾക്കാണ് പുതുതായി നാഷണൽ ക്വാളിറ്റി അഷുറൻസ് സ്റ്റാന്റേർഡ്സ് (എൻ.ക്യു.എ.എസ്) അംഗീകാരം ലഭിച്ചത്.

ഇത് കൂടാതെ കോട്ടയം മെഡിക്കൽ കോളേജിന് ലക്ഷ്യ സർട്ടിഫിക്കേഷൻ പുനഃഅംഗീകാരവും ലഭിച്ചു.

സംസ്ഥാനത്തെ മാതൃശിശു മരണനിരക്ക് കുറയ്ക്കുക ,ഗർഭിണികൾക്കും നവജാതശിശുക്കൾക്കും സർക്കാർ ആശുപത്രികളിലെ പ്രസവകേന്ദ്രങ്ങളിൽ മികച്ച പരിചരണം ഉറപ്പാക്കുന്നതിനുള്ള ഗുണനിലവാര മാനദണ്ഡമാണ് ലക്ഷ്യ അക്രഡിറ്റേഷൻ പ്രോഗ്രാം.

സുരക്ഷിതവും മാന്യവുമായ പ്രസവ പരിചരണം, അണുബാധ നിയന്ത്രണം, പ്രസവാനന്തര ശുശ്രൂഷ, ലേബർറൂമുകളുടെയും ഗർഭിണികൾക്കുള്ള ഓപ്പറേഷൻ തിയറ്ററുകളുടെയും ഗുണനിലവാരം മെച്ചപ്പെടുത്തുക എന്നിവയാണ് ലക്ഷ്യ പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്. സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കി വരുന്നു.

ഇതുവരെ സംസ്ഥാനത്ത് ആകെ 18 ആശുപത്രികൾക്ക് ലക്ഷ്യ സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ട് 3 മെഡിക്കൽ കോളേജുകൾ,11 ജില്ലാ ആശുപത്രികൾ, 4 താലൂക്കാശുപത്രികൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു.

നവജാത ശിശുക്കളുടെയും കുട്ടികളുടെയും രോഗാവസ്ഥയും മരണനിരക്കും കുറയ്ക്കുന്നതിനും ജനനം മുതൽ 12 വയസ് വരെയുള്ള കുട്ടികൾക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങളിൽ ഗുണനിലവാരമുള്ള ശിശു സൗഹൃദ സേവനങ്ങൾ ഉറപ്പാക്കുകയുമാണ് മുസ്കാൻ പദ്ധതിയുടെ ലക്ഷ്യം. ഇതുവരെ സംസ്ഥാനത്ത് ആകെ 10 ആരോഗ്യസ്ഥാപനങ്ങൾക്ക് മുസ്കാൻ സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ട്. 2 മെഡിക്കൽ കോളേജുകൾക്കും 8 ജില്ലാ ആശുപത്രികൾക്കുമാണ് മുസ്കാൻ സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുള്ളത്. ആകെ 345 ആരോഗ്യ കേന്ദ്രങ്ങൾക്കാണ് എൻ.ക്യു.എ.എസ് അംഗീകാരം ഇതിനോടകം ലഭിച്ചത്.

11 ജില്ലാ ആശുപത്രികൾ, 8 താലൂക്ക് ആശുപത്രികൾ, 14 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, 52 നഗര കുടുംബാരോഗ്യ കേന്ദ്രങ്ങൾ, 179 കുടുംബാരോഗ്യ കേന്ദ്രങ്ങൾ, 81 ജനകീയ ആരോഗ്യ




കേന്ദ്രങ്ങൾ എന്നിവ ഉൾപ്പെടുന്നു.

എൻ.ക്യു.എ.എസ്, മുസ്കാൻ, ലക്ഷ്യ അംഗീകാരങ്ങൾക്ക് മൂന്ന് വർഷത്തെ കാലാവധിയാണുള്ളത്. മൂന്ന് വർഷത്തിന് ശേഷം ദേശീയ സംഘത്തിന്റെ പുനഃപരിശോധന നടക്കും. കൂടാതെ വർഷാവർഷം സംസ്ഥാനതല പരിശോധനയുമുണ്ടാകും.

എൻ.ക്യു.എ.എസ് അംഗീകാരം ലഭിക്കുന്ന കുടുംബാരോഗ്യ കേന്ദ്രങ്ങൾക്കും നഗര പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾക്കും 2 ലക്ഷം രൂപ വീതവും, ജനകീയ ആരോഗ്യ കേന്ദ്രങ്ങൾക്ക് ഒരു പാക്കേജിന് 18,000 രൂപ വീതവും മറ്റ് അശുപത്രികൾക്ക് ഒരു കിടക്കയ്ക്ക് 10,000 രൂപയും വാർഷിക ഇൻസെന്റീവ് ലഭിക്കും.

**തലായിയിൽ മലമ്പനി വിരുദ്ധ ബോധവത്കരണം**

# 2028ഓടെ കണ്ണൂർ ജില്ലയിൽ നിന്ന് മലമ്പനി നിവാരണം ലക്ഷ്യം



കണ്ണൂർ: മലമ്പനി വിരുദ്ധ മാസാചരണത്തിന്റെ ഭാഗമായി ജില്ലാ മെഡിക്കൽ ഓഫീസിന്റെയും, ദേശീയ ആരോഗ്യ ദൗത്യത്തിന്റെയും ആഭിമുഖ്യത്തിൽ തലായി ഹാർബറിൽ ജില്ലാതല മലമ്പനി വിരുദ്ധ ബോധവത്കരണ പരിപാടി സംഘടിപ്പിച്ചു. കൊതുകുജന്യ രോഗങ്ങൾക്കെതിരായ പ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുകയും പൊതുജനങ്ങളിൽ ആരോഗ്യ അവബോധം വർധിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയായിരുന്നു പരിപാടി.

തലശ്ശേരി നഗരസഭ ചെയർപേഴ്സൺ കാരായി ചന്ദ്രശേഖരൻ പരിപാടി ഉദ്ഘാടനം ചെയ്തു. കൊതുകുജന്യ രോഗങ്ങൾക്കെതിരായ പോരാട്ടത്തിൽ ജനപങ്കാളിത്തം നിർണായകമാണെന്നും ശുചിത്വ പ്രവർത്തനങ്ങളിൽ ഓരോരുത്തരും സജീവമായി ഇടപെടണമെന്നും അദ്ദേഹം പറഞ്ഞു. ദേശീയ ആരോഗ്യ ദൗത്യം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. അബുബക്കർ. സി ദിനാചരണ സന്ദേശം നൽകി. രോഗം നേരത്തേ കണ്ടെത്തുകയും കൊതുകുകളുടെ പ്രജനനം ഫലപ്രദമായി തടയുകയും ചെയ്യുന്നതിലൂടെ മലമ്പനി പൂർണമായും ഇല്ലാതാക്കുക എന്നതാണ് ലക്ഷ്യമെന്ന് അദ്ദേഹം പറഞ്ഞു. തദ്ദേശീയ മലമ്പനി കേസുകൾ ഇല്ലാതാക്കുകയും മലമ്പനി മൂലമുള്ള മരണങ്ങൾ ഒഴിവാക്കുകയും ചെയ്യുന്നതാണ് മലമ്പനി നിവാരണത്തിലൂടെ ലക്ഷ്യമിടുന്നതെന്നും കണ്ണൂർ ജില്ലയിൽ 2028ഓടെ മലമ്പനി നിവാരണം എന്ന ലക്ഷ്യത്തോടെയാണ് ആരോഗ്യ വകുപ്പ് വിവിധ പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പാക്കുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

പരിപാടിയിൽ മലമ്പനി ഉൾപ്പെടെയുള്ള കൊതുകുജന്യ രോഗങ്ങൾക്കെതിരായ പ്രതിരോധ മാർഗങ്ങൾ, കൊതുകുകളുടെ ഉറവിട നശീകരണം, വ്യക്തിപരിസര ശുചിത്വം, കൊതുകുവലയുടെ ഉപയോഗം, ജലസംഭരണികളുടെയും പരിസരങ്ങളുടെയും ശുചിത്വ പരിപാലനം എന്നിവയെക്കുറിച്ച് വിശദമായ ബോധവത്കരണം നടത്തി.

ജില്ലാ വെക്റ്റർ കണ്ട്രോൾ യൂണിറ്റിന്റെ നേതൃത്വത്തിൽ ബോധവത്കരണ പ്രദർശനവും സംഘടിപ്പിച്ചു. മലമ്പനിയുടെ കാരണങ്ങൾ, രോഗലക്ഷണങ്ങൾ, പ്രതിരോധ മാർഗങ്ങൾ, കൊതുകുകളുടെ ജീവിത ചക്രം എന്നിവ പ്രദർശനത്തിലൂടെ പൊതുജനങ്ങൾക്ക് വിശദീകരിച്ചു. സൗജന്യ മലമ്പനി പരിശോധനയും നടത്തി.

പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ആഴം കുറഞ്ഞ കിണറുകളിൽ കൊതുകുവല സ്ഥാപിക്കുന്ന പരിപാടിയും സംഘടിപ്പിച്ചു. കൃത്യമായ ഇടവേളകളിൽ അതിഥി തൊഴിലാളികൾക്കായി പരിശോധനയും നടത്തിവരുന്നു.

വെള്ളിയാഴ്ചകളിൽ സ്കൂളുകളിലും, ശനിയാഴ്ചകളിൽ സർക്കാർസ്വകാര്യ ഓഫീസുകളിലും, ഞായറാഴ്ചകളിൽ വീടുകളിലും ഡ്രൈ ഡേ ആചരിക്കണം. വെള്ളം കെട്ടിക്കിടക്കാൻ സാധ്യതയുള്ള പാത്രങ്ങൾ, ടയറുകൾ, പൂച്ചട്ടികൾ, പ്ലാസ്റ്റിക് മാലിന്യങ്ങൾ, ഉപയോഗശൂന്യമായ വസ്തുക്കൾ എന്നിവ പരിശോധിച്ച് കൊതുകുകളുടെ പ്രജനന കേന്ദ്രങ്ങൾ കണ്ടെത്തി നശിപ്പിക്കണം. ആഴ്ചയിൽ ഒരുദിവസമെങ്കിലും ഇത്തരത്തിൽ ഉറവിട നശീകരണ പ്രവർത്തനങ്ങൾ നടത്തുന്നത് മലമ്പനി ഉൾപ്പെടെയുള്ള കൊതുകുജന്യ രോഗങ്ങളെ പ്രതിരോധിക്കുന്നതിൽ നിർണായക പങ്കുവഹിക്കുമെന്ന് ആരോഗ്യ വകുപ്പ് അധികൃതർ അറിയിച്ചു.

പരിപാടിയിൽ ഡോ. ഷിനി കെ. കെ, ഡോ. രമ്യ ടി. കെ, വാർഡ് കൗൺസിലർ പ്രീത പ്രദീപ്, ജിഷ, ബയോളജിസ്റ്റ് സി. പി. രമേശൻ, ടെക്നിക്കൽ അസിസ്റ്റന്റ് എം. ബി. മുരളി, ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ സംഗീത, തീരദേശ പൊലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ അജിത് കുമാർ, സീനിയർ സിവിൽ പൊലീസ് ഓഫീസർ ഷാരോൺ, കോടിയേരി കുടുംബാരോഗ്യ കേന്ദ്രത്തിലെ ഹെൽത്ത് ഇൻസ്പെക്ടർ ബിജു എന്നിവർ സംസാരിച്ചു.

**ആലപ്പുഴ**

# ജനറൽ ആശുപത്രിയിൽ കൊളോണോസ്കോപ്പി



ആലപ്പുഴ: ആലപ്പുഴ ജനറൽ ആശുപത്രിയിൽ ഗ്യാസ്ട്രോ എന്ററോളജി വിഭാഗത്തിന്റെ കീഴിൽ കൊളോണോസ്കോപ്പി പരിശോധന ആരംഭിച്ചു. ഗ്യാസ്ട്രോ എന്ററോളജിസ്റ്റ് ഡോ. ഉണ്ണികൃഷ്ണൻ എസിന്റെ നേതൃത്വത്തിലാണ് ഈ വിഭാഗം പ്രവർത്തിക്കുന്നത്. ഇതോടൊപ്പം ആധുനിക രീതിയിലുള്ള എൻഡോസ്കോപ്പി പരിശോധനകളും ഇപ്പോൾ ആശുപത്രിയിൽ ലഭ്യമാണ്. നിലവിൽ എല്ലാ ചൊവ്വാഴ്ചകളിലും ഗ്യാസ്ട്രോ എന്ററോളജി ഒ.പി പ്രവർത്തിക്കുന്നു. ശരാശരി നൂറോളം രോഗികളാണ് ഒരോ ഒ.പി ദിവസവും ചികിത്സ തേടിയെത്തുന്നത്. വെള്ളിയാഴ്ചകളിൽ എൻഡോസ്കോപ്പിയും ശനിയാഴ്ചകളിൽ കൊളോണോസ്കോപ്പി പരിശോധനയുമാണ് നടക്കുന്നത്. ആഴ്ചയിൽ 10 മുതൽ 12 വരെ എൻഡോസ്കോപ്പികളും 4 മുതൽ 5 വരെ കൊളോണോസ്കോപ്പികളും ഇപ്പോൾ വിജയകരമായി നടത്തിവരുന്നു. അന്നനാളം, ആമാശയം, ചെറുകുടലിന്റെ ആദ്യ ഭാഗങ്ങൾ എന്നിവയെ ബാധിക്കുന്ന ക്യാൻസർ, വിവിധതരം അൾസറുകൾ, എച്ച്- പൈലോറി ബാക്ടീരിയ മൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ എന്നിവ എൻഡോസ്കോപ്പിയിലൂടെ കൃത്യമായി കണ്ടെത്താനാകും. വൻകുടലിനെ ബാധിക്കുന്ന ക്യാൻസർ, അൾസർ, ഫിഷർ, പൈൽസ് തുടങ്ങിയ രോഗങ്ങൾ നേരത്തെ തിരിച്ചറിയാൻ കൊളോണോസ്കോപ്പി പരിശോധന സഹായകരമാണ്. രോഗങ്ങൾ നേരത്തെ കണ്ടെത്തി വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കാൻ ഈ സൗകര്യങ്ങൾ ഉപകാരപ്രദമാകും.

## ദേശീയ ആരോഗ്യ ദൗത്യം സ്റ്റേറ്റ് മിഷൻ ഡയറക്ടറായി

# അനു എസ് നായർ ഐ.എ.എസ് ചുമതലയേറ്റു



തിരുവനന്തപുരം: അനു എസ്. നായർ ഐഎഎസ് ദേശീയ ആരോഗ്യ ദൗത്യം സ്റ്റേറ്റ് മിഷൻ ഡയറക്ടറായി ചുമതലയേറ്റു. റവന്യൂ ഡിപ്പാർട്ട്മെന്റിൽ ഡെപ്യൂട്ടി സെക്രട്ടറിയായിരുന്ന ഇദ്ദേഹം പത്തനംതിട്ട എ ഡി എം, ദുരന്തനിവാരണ വിഭാഗം ഡെപ്യൂട്ടി കളക്ടർ എന്നീ നിലകളിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്.2014ൽ ഡെപ്യൂട്ടി കളക്ടറായി സർവീസിൽ പ്രവേശിച്ച ഇദ്ദേഹത്തിന് 2024ലാണ് ഐഎഎസ് ലഭിച്ചത്. തിരുവനന്തപുരം കൈമനം സ്വദേശിയായ അനു എസ് നായർ ഡെപ്യൂട്ടി കളക്ടർ പരീക്ഷയിൽ ഒന്നാം റാങ്ക് നേടിയാണ് സർവീസിലെത്തിയത്.

## അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനം ആചരിച്ചു

# നല്ല നാളേക്കായി ലഹരിക്കെതിരെ പോരാടാം



കാസറഗോഡ്: കാസറഗോഡ് ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം), ദേശീയാരോഗ്യ ദൗത്യം, ജില്ലാ മാനസികാരോഗ്യ പരിപാടി എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനാചരണത്തിന്റെ ജില്ലാതല ഉദ്ഘാടനം നീലേശ്വരം മഹാത്മാ കോളേജ് ഓഫ് എഡ്യൂക്കേഷനിൽ വെച്ച് നടന്നു. നീലേശ്വരം നഗരസഭ ചെയർമാൻ പി പി മുഹമ്മദ് റാഫി പരിപാടി ഉദ്ഘാടനം ചെയ്തു. നഗരസഭ വൈസ് ചെയർപേഴ്സൺ പി എം സന്ധ്യ അധ്യക്ഷത വഹിച്ചു. ജില്ലാ മെഡിക്കൽ ഓഫിസർ ഡോ. സന്തോഷ് ബി മുഖ്യപ്രഭാഷണം നടത്തി. ദേശീയാരോഗ്യ ദൗത്യം ജില്ലാ പ്രോഗ്രാം മാനേജർ ഡോ ധന്യ ദയാനന്ദ് ലഹരിവിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

പരിപാടിയുടെ ഭാഗമായി ലഹരി ഉപയോഗവും പ്രത്യാഘാതവും എന്ന വിഷയത്തിൽ ജില്ലാ മാനസികാരോഗ്യ പരിപാടി സൈക്കാട്രിസ്റ്റ് ഡോ അഞ്ജു വേണു ക്ലാസ്സെടുത്തു. തുടർന്ന് നടന്ന ലഹരി വിരുദ്ധ പ്രശ്നോത്തരി മത്സരം നീലേശ്വരം താലൂക്ക് ആശുപത്രി ഹെൽത്ത് ഇൻസ്പക്ടർ സിജോ എം ജോസ് നയിച്ചു. പ്രശ്നോത്തരിയിൽ അമൃത എം ഒന്നാം സ്ഥാനവും അനഘ സി രണ്ടാം സ്ഥാനവും ദേവിക രാജൻ മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

ഐക്യരാഷ്ട്രസഭയുടെ ആഹ്വാനപ്രകാരം 1989 മുതലാണ് ജൂൺ 26 അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനമായി ആചരിച്ചു തുടങ്ങിയത്. ലഹരി മരുന്നുകളുടെ ഉപയോഗം വ്യക്തികളിലും കുടുംബങ്ങളിലും സമൂഹത്തിലും ഉണ്ടാക്കുന്ന ഗുരുതരമായ പ്രത്യാഘാതങ്ങളെക്കുറിച്ച് ആഗോളതലത്തിൽ അവബോധം വളർത്തുക, നിയമവിരുദ്ധമായ ലഹരിവ്യാപാരവും കടത്തും കർശനമായി തടയുക എന്നിവയാണ് ഈ ദിനാചരണത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ. യുവതലമുറയെ ലഹരിയുടെ വിപത്തുകളിൽ നിന്ന് സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയും, ലഹരി ഉപയോഗത്തിൽ അകപ്പെട്ടുപോയവർക്ക് ആവശ്യമായ ചികിത്സയും കൗൺസിലിംഗും നൽകി അവരെ ഈ വിപത്തിൽ നിന്ന് മോചിപ്പിച്ചു ആരോഗ്യകരമായ ജീവിതത്തിലേക്ക് തിരികെ കൊണ്ടുവരേണ്ടതിന്റെ പ്രാധാന്യവും ഈ ദിനം ഓർമ്മിപ്പിക്കുന്നു.

> ലഹരി ഉപയോഗവും പ്രത്യാഘാതവും എന്ന വിഷയത്തിൽ ജില്ലാ മാനസികാരോഗ്യ പരിപാടി സൈക്കാട്രിസ്റ്റ് ഡോ അഞ്ജു വേണു ക്ലാസ്സെടുത്തു.

ലഹരിമുക്തമായ ഒരു സുരക്ഷിത സമൂഹം കെട്ടിപ്പടുക്കുന്നതിനായി ഭരണകൂടങ്ങളും പൊതുജനങ്ങളും കൈകോർത്തു പ്രവർത്തിക്കേണ്ടതിന്റെ അനിവാര്യതയാണ് ഓരോ വർഷവും ഈ ദിനാചരണം മുന്നോട്ടു വെക്കുന്നത്.

മയക്കുമരുന്ന് ഉപയോഗം വ്യക്തിയെ മാത്രമല്ല, കുടുംബത്തെയും സമൂഹത്തെയും ബാധിക്കുന്നു. കുടുംബബന്ധങ്ങൾ തകരുന്നു, കുറ്റകൃത്യങ്ങൾ വർദ്ധിക്കുന്നു, റോഡപകടങ്ങൾ, അക്രമങ്ങൾ, ആത്മഹത്യകൾ എന്നിവയ്ക്ക് സാധ്യത കൂടുന്നു. രാജ്യത്തിന്റെ ഉൽപ്പാദനക്ഷമതയും സാമൂഹിക സുരക്ഷയും ഇതിലൂടെ പ്രതികൂലമായി ബാധിക്കപ്പെടുന്നു.

ഈ സാഹചര്യത്തിൽ പ്രതിരോധമാണ് ഏറ്റവും ഫലപ്രദമായ മാർഗം. കുട്ടികളിലും യുവജനങ്ങളിലും ശരിയായ മൂല്യബോധം വളർത്തുക, കായികസാംസ്കാരിക പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക, ജീവിത നൈപുണ്യ പരിശീലനങ്ങൾ നൽകുക, ലഹരിയുടെ ദൂഷ്യഫലങ്ങളെക്കുറിച്ച് ശാസ്ത്രീയമായ അവബോധം സൃഷ്ടിക്കുക എന്നിവ അനിവാര്യമാണ്. അധ്യാപകരും മാതാപിതാക്കളും ആരോഗ്യപ്രവർത്തകരും സാമൂഹിക സംഘടനകളും സർക്കാരും കൈകോർക്കുമ്പോഴേ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ വിജയിക്കൂ.

മയക്കുമരുന്നിന് അടിമപ്പെട്ടവരെ സമൂഹത്തിൽ നിന്ന് ഒറ്റപ്പെടുത്തുകയല്ല, അവർക്ക് ചികിത്സയും മാനസിക പിന്തുണയും പുനരധിവാസവും ഉറപ്പാക്കുകയാണ് വേണ്ടത്. കുറ്റവാളികളായി മാത്രം കാണാതെ സഹായം ആവശ്യമായ വ്യക്തികളായി കാണുന്ന സമീപനമാണ് ഫലപ്രദമെന്ന് ലോകാരോഗ്യപൊതുജനാരോഗ്യ സമീപനങ്ങൾ ചൂണ്ടിക്കാണിക്കുന്നു.

മയക്കുമരുന്ന് വിമുക്തമായ ഒരു സമൂഹം സൃഷ്ടിക്കുക എന്നത് സർക്കാരിന്റെ മാത്രം ഉത്തരവാദിത്വമല്ല, ഓരോ പൗരന്റെയും കടമയാണ്. 'ഇല്ല' എന്ന് പറയാനുള്ള ധൈര്യവും ശരിയായ ജീവിതമൂല്യങ്ങളും വളർത്തിയെടുക്കുമ്പോഴാണ് ലഹരിയുടെ പിടിയിൽ നിന്ന് സമൂഹത്തെ രക്ഷിക്കാനാവുക. ഈ അന്താരാഷ്ട്ര ദിനത്തിൽ, 'ലഹരിയല്ല, ജീവിതമാണ് തിരഞ്ഞെടുക്കേണ്ടത്' എന്ന സന്ദേശം ഓരോ ഹൃദയത്തിലും എത്തിക്കാം. ആരോഗ്യമുള്ള യുവത്വവും സുരക്ഷിതമായ സമൂഹവും നാളെയുടെ ശക്തമായ ഇന്ത്യയുടെ അടിത്തറയായിരിക്കട്ടെ.

## ആരോഗ്യത്തിലേയ്ക്ക്

# 'ക്ലീൻ ഷോട്ട് മലപ്പുറം 2026'



> ജൂൺ 17 മുതൽ 30 വരെയാണ് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ടുള്ള പ്രതിരോധ ക്യാംപയിനാണ് 'ക്ലീൻ ഷോട്ട് മലപ്പുറം 2026'

മലപ്പുറം: മൺസൂൺ കാലത്ത് പടർന്നുപിടിക്കുന്ന സാംക്രമിക രോഗങ്ങൾക്കെതിരായി ജില്ലാ ഭരണകൂടം നടത്തുന്ന ബോധവത്ക്കരണ കാംപയിൻ 'ക്ലീൻ ഷോട്ട് മലപ്പുറം 2026' കാമ്പയിന് തുടക്കമായി. മലപ്പുറം ജില്ലാപഞ്ചായത്ത് ഹാളിൽ നടന്ന പരിപാടിയിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജബ്ബാർ ഹാജി കാമ്പയിൻ ഉദ്ഘാടനം ചെയ്തു. പകർച്ച വ്യാധികൾ തടയുന്നതിന് എല്ലാവരും ഒരുമിച്ച് പ്രവർത്തിക്കണമെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പറഞ്ഞു. കാമ്പയിൻ പോസ്ററർ പ്രകാശനം ജില്ലാ കലക്ടർ ഡോ. വിനയ് ഗോയൽ ഐ.എ.എസ് നിർവഹിച്ചു. കാമ്പയിൻ താഴെ തട്ടിലെത്തിക്കുന്നതിനും വിജയകരമാക്കുന്നതിനും എല്ലാവരും ശ്രമിക്കണമെന്നും ജില്ലാ കലക്ടർ പറഞ്ഞു.

ജൂൺ 17 മുതൽ 30 വരെയാണ് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ടുള്ള പ്രതിരോധ കാമ്പയിനായ 'ക്ലീൻ ഷോട്ട് മലപ്പുറം 2026' കാമ്പയിൻ നടക്കുക. ആരോഗ്യം, ഭക്ഷ്യസുരക്ഷ, വിദ്യാഭ്യാസം, തദ്ദേശ സ്വയംഭരണം തുടങ്ങിയ വിവിധ വകുപ്പുകൾ സംയോജിച്ചാണ് കാമ്പയിൻ നടത്തുന്നത്.

ഹോട്ടലുകൾ, തട്ടുകട തുടങ്ങിയ എല്ലാ ഭക്ഷണശാലകളിലും കർശനമായ പരിശോധന നടത്താനും നിയമലംഘനം കണ്ടെത്തിയാൽ മുന്നറിയിപ്പും പിന്നീടും ആവർത്തിക്കുകയാണെങ്കിൽ നിയമനടപടികളിലേക്കും പോകും. ജനങ്ങളുടെ പങ്കാളിത്തത്തോടെ വൃത്തിയും ശുചിത്വവും ആരോഗ്യകരമായ സമൂഹത്തിന് അത്യാവശ്യമാണെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് കാമ്പയിൻ നടത്തുന്നത്. ജില്ലയിലെ എല്ലാ സ്കൂളുകളിലെയും കുടിവെള്ളം പരിശോധിക്കുക, കൃത്യമായ ഇടവേളകളിൽ സ്കൂളുകൾ, വീടുകൾ, പൊതുവിടങ്ങൾ ഇവയിലെ ജലം ക്ലോറിനേറ്റ് ചെയ്യുക തുടങ്ങിയവയെല്ലാം കാമ്പയിന്റെ ഭാഗമായി നടക്കുന്നു. കാമ്പയിന്റെ ഭാഗമായി ആരോഗ്യം, ഭക്ഷ്യ സുരക്ഷ, തദ്ദേശ സ്വയംഭരണം തുടങ്ങിയ വകുപ്പുകൾ കൃത്യമായ ഷെഡ്യൂൾ തയാറാക്കി പരിശോധന നടപടികൾ പൂർത്തീകരിക്കുകയും ബോധവത്ക്കരണം നൽകുകയും ചെയ്യും.

കാമ്പയിന്റെ ഭാഗമായി ഭക്ഷ്യസുരക്ഷാ വകുപ്പ് പൊതുജനങ്ങൾക്ക് ബോധവത്ക്കരണ ക്ലാസ് നൽകും. ജനങ്ങൾക്ക് വീടും പരിസരവും ഭക്ഷ്യവസ്തുക്കളും കുടിവെള്ളവും വൃത്തിയും ശുചിത്വവുമുള്ളതാക്കി സൂക്ഷിക്കുന്നതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുക, അതുവഴി മരണകാരണമായേക്കാവുന്ന രോഗങ്ങൾ തടയുക എന്നതാണ് കാമ്പയിന്റെ ലക്ഷ്യം.

ആരോഗ്യ സ്റ്റാന്റിങ് കമ്മിറ്റി ചെയർമാൻ പി കെ അസലു, വികസന സ്റ്റാന്റിങ് കമ്മിറ്റി ചെയർപേഴ്സൺ ഷാഹിനാ നിയാസി, മെമ്പർമാരായ ഷമീം ബാബു, ജെയസൽ എളമരം, മുഹമ്മദലി കെ.വി, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. എ ഷിബുലാൽ, ജില്ലാ പഞ്ചായത്ത് സെക്രട്ടറി രാജീവ് പി. എം, എന്നിവർ പങ്കെടുത്തു


## പത്രാധിപ സമിതി

**ചീഫ് എഡിറ്റർ**
അനു എസ് നായർ ഐ.എ.എസ്
സ്റ്റേറ്റ് മിഷൻ ഡയറക്ടർ, എൻ.എച്ച്.എം

**സീനിയർ എഡിറ്റർ**
ഡോ. രാഹുൽ യു.ആർ
സ്റ്റേറ്റ് നോഡൽ ഓഫീസർ
ബി.സി.സി

**എഡിറ്റർ**
കെ പി ശിനോഷ്
സീനിയർ കൺസൾട്ടന്റ്, ബി.സി.സി

**മാനേജിംഗ് എഡിറ്റർ**
ഡോണ തോമസ്
ജെ.സി (ഡി&സി), സ്റ്റേറ്റ് മിഷൻ ഓഫീസ്

**അസിസ്റ്റന്റ് എഡിറ്റർ**
ടി സ്മൃതി ലക്ഷ്മി
കൺസൾട്ടന്റ്, സ്റ്റേറ്റ് മിഷൻ ഓഫീസ്

ശ്രേയ കൃഷ്ണ ആർ
ജെ.സി (ഡി&സി), സ്റ്റേറ്റ് മിഷൻ ഓഫീസ്

**അംഗങ്ങൾ**
ജിജിൽ മാത്യു
കൺസൾട്ടന്റ് (ഡി&സി), ഇടുക്കി

ഡാനി പ്രിയൻ
കൺസൾട്ടന്റ് (ഡി&സി), തൃശ്ശൂർ

ദിവ്യ ചേലാട്ട്
കൺസൾട്ടന്റ് (ഡി&സി), കോഴിക്കോട്

വിനു എ
കൺസൾട്ടന്റ് (ഡി&സി), എറണാകുളം

വിനീഷ് സി ആർ
കൺസൾട്ടന്റ് (ഡി&സി), കോട്ടയം

ആഗ്നൽ ജോസഫ്
കൺസൾട്ടന്റ് (ഡി&സി), ആലപ്പുഴ

വർഷ ജയപ്രകാശ്
കൺസൾട്ടന്റ് (ഡി&സി), തിരുവനന്തപുരം

പ്രീത എം
ജെ.സി (ഡി&സി), പാലക്കാട്

ദിവ്യ ഇ ആർ
കൺസൾട്ടന്റ് (ഡി&സി), മലപ്പുറം

ബിൻസി രവീന്ദ്രൻ
ജെ.സി (ഡി&സി), കണ്ണൂർ

കമൽ കെ ജോസഫ്
ജെ.സി (ഡി&സി), കാസറഗോഡ്

നിജിൽ കെ എസ്
ജെ.സി (ഡി&സി), വയനാട്

അജിത് കുമാർ പി എ
ജെ.സി (ഡി&സി), പത്തനംതിട്ട

അശ്വിനി രവീന്ദ്രൻ
ജെ.സി (ഡി&സി), കൊല്ലം

ശ്രീദേവി കെ എസ്
ക്ലർക്ക് & ഡി.ഇ.ഒ, സ്റ്റേറ്റ് മിഷൻ ഓഫീസ്

# രണ്ട് തുള്ളി ജീവന്റെ സുരക്ഷയ്ക്ക്



കോട്ടയം: പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ പരിപാടിയുടെ ജില്ലാതല ഉദ്ഘാടനം കോട്ടയം ജനറൽ ഹോസ്പിറ്റലിൽ കേരള നിയമസഭാ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ നിർവഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ജോഷി ഫിലിപ്പിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിന് ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോക്ടർ സാം സാവിയോ സ്വാഗതം ആശംസിച്ചു. ജില്ലയിൽ 98 ശതമാനം കുട്ടികൾക്കും പോളിയോ വാക്സിൻ നൽകി. ചടങ്ങിൽ ജില്ലാ കളക്ടർ ചേതൻ കുമാർ ഐഎഎസ് മുഖ്യപ്രഭാഷണം നടത്തി. ജില്ലാ പഞ്ചായത്ത് ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ വൈശാഖ് പി കെ, കോട്ടയം നഗരസഭ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ സാലി മാത്യൂസ്, മുനിസിപ്പൽ കൗൺസിലർ ജോൺ വർഗീസ്, ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ ഡോക്ടർ സിത്താര സി ജെ, ജി എച്ച് കോട്ടയം സൂപ്രണ്ട് ഡോക്ടർ സുഷമ്മാ പി, എം സി എച്ച് ഇൻചാർജ് നാൻസി, കാഞ്ചന, കോട്ടയം ജി എച്ച് ആർ എം ഒ ഡോക്ടർ ദീപു. എസ് മാസ് മീഡിയ ഓഫീസർമാരായ സജീവ് എസ്, ബിജു ടി ആർ എന്നിവർ പങ്കെടുത്തു.

ത്രിദിന ഡ്രൈഡേ ക്യാമ്പയിൻ

# മാതൃകയാക്കി മുന്നോട്ടു പോകാൻ കൊല്ലം



കൊല്ലം: ഡെങ്കിപ്പനി, ഷിഗല്ല തുടങ്ങിയ പകർച്ച വ്യാധികളെ പ്രതിരോധിക്കുവാൻ കൊതുകുകളുടെ ഉറവിട നശീകരണം ലക്ഷ്യമിട്ടു സംസ്ഥാന ആരോഗ്യവകുപ്പ് ആരംഭിച്ച ത്രിദിന ഡ്രൈഡേ കാമ്പയിന് ജില്ലയിൽ തുടക്കമായി. ത്രിദിന ഡ്രൈ ഡേ കാമ്പയിൻ ജില്ലയിലാകെ മാതൃകയാക്കാവുന്ന പരിപാടിയാക്കി മാറ്റുവാനും അതിന്റെ ഭാഗമായി വാർഡുകളിൽ ത്രിദിന കാമ്പയിൻ പരിപാടി വിപുലമായ പ്രചാരത്തോടെ സംഘടിപ്പിക്കുവാനുമുള്ള ശ്രമങ്ങൾ ആരംഭിക്കുമെന്ന് ജില്ലാതല ഉദ്ഘാടനം തേവള്ളി ഗവണ്മെന്റ് ബോയ്സ് ഹയർസെക്കണ്ടറി സ്കൂളിൽ വെച്ച് നിർവഹിച്ചുകൊണ്ടു കൗൺസിലർ ബി ശൈലജ അറിയിച്ചു. ജില്ലാതല ഉദ്ഘാടനത്തിന്റെ ഭാഗമായി 100 കണക്കിന് സ്കൂൾ വിദ്യാർത്ഥികളെ സംഘടിപ്പിച്ചുകൊണ്ടു സ്കൂൾ പരിസരത്ത് മാസ്സ് ഡ്രൈ ഡേ ഉറവിട നശീകരണം സംഘടിപ്പിച്ചു. ചടങ്ങിൽ ഉറവിട നശീകരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും പകർച്ച വ്യാധി നിയന്ത്രണത്തെപ്പറ്റിയും ജില്ലാ സർവയലൻസ് ഓഫീസർ ക്ലാസ്സുകൾ സംഘടിപ്പിച്ചു. ശുചീകരണ പ്രവർത്തികളിൽ ആരോഗ്യവകുപ്പ് ജീവനക്കാർ, അധ്യാപക അനധ്യാപകർ, അധ്യാപകരക്ഷാകർതൃ സമിതി അംഗങ്ങൾ എന്നിവർ പങ്കെടുത്തു. വിവിധ വിഭാഗങ്ങളിലുള്ള ജനങ്ങളെ ഒരുമിച്ചു ചേർത്തുകൊണ്ട് ഉറവിട നശീകരണം ലക്ഷ്യം വെച്ച് ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുവാനും, അതോടൊപ്പം ആദ്യ ഘട്ടമായി വാർഡുകളിൽ ത്രിദിന ഡ്രൈ ഡേ കാമ്പയിൻ സംഘടിപ്പിക്കുകയും, തുടർന്ന് ജില്ലാതലം വരെയുള്ള വിവിധ വിഭാഗങ്ങളിലായി പരിപാടി ഏകോപിപ്പിക്കുകയും ചെയ്യും.

ആർ.ബി.എസ്.കെ നഴ്സിന്റെ സമയോചിത ഇടപെടൽ

# കുരുന്നിനു പ്രാരംഭ ഘട്ടത്തിൽ ഹൃദ്രോഗ നിർണ്ണയവും സൗജന്യ ചികിത്സയും ഉറപ്പാക്കി



ആലപ്പുഴ: ആരോഗ്യ പ്രവർത്തകരുടെ ഏകോപിതവും കൃത്യവുമായ ഇടപെടലിലൂടെ ജന്മനായുള്ള ഹൃദ്രോഗം (CHD) ബാധിച്ച പെൺകുഞ്ഞിന് പ്രാരംഭ ഘട്ടത്തിൽ തന്നെ വിദഗ്ദ്ധ ചികിത്സ ഉറപ്പാക്കി കാവാലം കുടുംബാരോഗ്യ കേന്ദ്രം (PHC). വാക്സിനേഷൻ ദിനത്തിൽ നടത്തിയ സൂക്ഷ്മമായ പരിശോധനയാണ് കുഞ്ഞിന്റെ ജീവൻ രക്ഷിക്കാനുള്ള വഴിത്തിരിവായത്.

കഴിഞ്ഞ ഏപ്രിൽ 1ന് കാവാലം എഫ്.എച്ച്.സി യിൽ ഒന്നാം ഡോസ് പെന്റാവാലന്റ് വാക്സിൻ എടുക്കാൻ എത്തിയതായിരുന്നു കുഞ്ഞ്. ഇവിടെ കുട്ടികൾക്കായുള്ള പ്രത്യേക ആരോഗ്യ പരിശോധന (RBSK Screening) നടത്തിവന്ന ആർ.ബി.എസ്.കെ (രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം) നഴ്സ് ഗീത ജി. നായർ സ്റ്റെതസ്കോപ്പ് ഉപയോഗിച്ച് കുഞ്ഞിനെ പരിശോധിച്ചപ്പോഴാണ് (Auscultation) ഹൃദയമിടിപ്പിൽ അസ്വാഭാവികത ശ്രദ്ധയിൽപ്പെട്ടത്. കുഞ്ഞിന് ശ്വാസതടസ്സവും , അമിതമായ ഹൃദയമിടിപ്പും അനുഭവപ്പെടുന്നതായി അവർ കണ്ടെത്തി. തുടർന്ന് മാതാപിതാക്കളോട് സംസാരിച്ചപ്പോൾ കുട്ടിയ്ക്ക് ഇടയ്ക്കിടെ ശ്വാസംമുട്ടൽ ഉണ്ടാകാറുള്ളതായും മനസ്സിലാക്കാൻ കഴിഞ്ഞു.

കാര്യത്തിന്റെ ഗൗരവം ഉൾക്കൊണ്ട് ആർ.ബി.എസ്.കെ നഴ്സ് ഉടൻ തന്നെ കുഞ്ഞിനെ കാവാലം എഫ്.എച്ച്.സി മെഡിക്കൽ ഓഫീസറും ശിശുരോഗ വിദഗ്ദ്ധനുമായ ഡോ. ജോമാർട്ടിന്റെ മുന്നിലെത്തിച്ചു. കുട്ടിയെ വിശദമായി പരിശോധിച്ച ഡോക്ടർ, ഹൃദയസംബന്ധമായ അസുഖമാകാം ഇതിന് പിന്നിലെന്ന് സംശയിക്കുകയും അടിയന്തിരമായി കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിലെ കാർഡിയോളജി വിഭാഗത്തിലേക്ക് റെഫർ ചെയ്യുകയും ചെയ്തു. ഏപ്രിൽ 4ന് കോട്ടയം മെഡിക്കൽ കോളേജിൽ വെച്ച് നടത്തിയ എക്കോ (Echo) പരിശോധനയിലാണ് കുഞ്ഞിന് ജന്മനായുള്ള ഹൃദ്രോഗമുണ്ടെന്ന് (Congenital Heart Disease - CHD) സ്ഥിരീകരിച്ചത്.

ഹൃദയത്തിലെ അറകൾക്കിടയിൽ സുഷിരം (ASD), പൽമണറി വാൽവിലെ നേരിയ ചുരുക്കം (Mild PS), ശ്വാസകോശ ധമനികളിലെ നേരിയ രക്തസമ്മർദ്ദം (Mild PAH) എന്നിവയാണ് കുഞ്ഞിന് കണ്ടെത്തിയത്.

രോഗനിർണ്ണയത്തിന് തൊട്ടടുത്ത ദിവസം തന്നെ ആർ.ബി.എസ്.കെ ടീം കുഞ്ഞിന്റെ വീട്ടിലെത്തി ആവശ്യമായ ഫോളോ–അപ്പും മാതാപിതാക്കൾക്ക് മാനസിക പിന്തുണയും ഉറപ്പാക്കി. തുടർന്ന് ആലപ്പുഴ ജില്ലാ ഏർലി ഇന്റർവെൻഷൻ സെന്റർ (DEIC) മുഖേന കുഞ്ഞിനെ സംസ്ഥാന സർക്കാരിന്റെ സൗജന്യ ഹൃദ്യചികിത്സാ പദ്ധതിയായ 'ഹൃദ്യം' (Hridhyam) പോർട്ടലിൽ രജിസ്റ്റർ ചെയ്യിപ്പിച്ചു.

കുടുംബാരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസറുടെയും ആർ.ബി.എസ്.കെ നഴ്സിന്റെയും കൃത്യമായ ഇടപെടലിലൂടെ ഒരു കുഞ്ഞിന്റെ രോഗാവസ്ഥ തുടക്കത്തിൽ തന്നെ കണ്ടെത്താനും തുടർചികിത്സ ലഭ്യമാക്കാനും സാധിച്ചു .

അശ്വമേധം 6.0

# കുഷ്ഠരോഗ നിർണ്ണയവും തുടർപ്രവർത്തനങ്ങളും



തൃശ്ശൂർ: അശ്വമേധം 6.0 കുഷ്ഠരോഗ നിർണ്ണയ ഭവനസന്ദർശന പ്രവർത്തനത്തിന്റെ ഭാഗമായി, മാള അണ്ണല്ലൂർ ജനകീയാരോഗ്യ കേന്ദ്രത്തിന് കീഴിലുള്ള ഒരു ഭവനം ആശമാർ സന്ദർശിച്ചു. 47 വയസ്സുള്ള വ്യക്തിയും ഭാര്യയും രണ്ട് മക്കളും ഉൾപ്പെടുന്നതായിരുന്നു ആ കുടുംബം.

സർവേ പ്രവർത്തനത്തിനിടെ 47 വയസ്സുള്ള വ്യക്തിയിൽ കുഷ്ഠരോഗ ലക്ഷണങ്ങൾ കണ്ടെത്തി. തുടർന്ന് ആശമാർ വിവരങ്ങൾ എം.എൽ.എസ്.പി.യെ അറിയിക്കുകയായിരുന്നു. വിവരം ലഭിച്ചതിനെ തുടർന്ന് നേരിട്ടെത്തി വ്യക്തിയെ പ്രാഥമിക പരിശോധനയ്ക്ക് വിധേയമാക്കി.

കൂടുതൽ രോഗനിർണ്ണയത്തിനായി അദ്ദേഹത്തെ കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് റഫർ ചെയ്തു. അവിടെ നിന്ന് വിദഗ്ധ പരിശോധനയ്ക്കായി കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗ ആശുപത്രിയിലേക്ക് അയച്ചു. വിശദമായ പരിശോധനയിൽ രോഗിക്ക് മൾട്ടി ബാസിലറി (Multi Bacillary) ലെപ്രസി സ്ഥിരീകരിച്ചു.

രോഗനിർണ്ണയത്തിന് പിന്നാലെ ചികിത്സ ആരംഭിച്ചു. ചികിത്സാ കാലയളവിലെ ഫോളോഅപ്പ് പ്രവർത്തനങ്ങൾക്ക് ജാക്ക് ടീം നേതൃത്വം നൽകി. രോഗിയുടെ ആരോഗ്യനില തുടർച്ചയായി നിരീക്ഷിക്കുകയും കുടുംബത്തിലെ മറ്റ് അംഗങ്ങളെ പരിശോധിക്കുകയും ചെയ്തു. പരിശോധനകളിലൂടെ രോഗവ്യാപനം ഉണ്ടായിട്ടില്ലെന്ന് ഉറപ്പുവരുത്താൻ സാധിച്ചു.

ആരംഭഘട്ടത്തിൽ തന്നെ രോഗം കണ്ടെത്താനും കൃത്യസമയത്ത് ചികിത്സ ലഭ്യമാക്കാനും സാധിച്ചതിലൂടെ രോഗിയുടെ ആരോഗ്യനില മെച്ചപ്പെടുത്തുന്നതിനും സമൂഹത്തിലേക്കുള്ള രോഗവ്യാപനം തടയുന്നതിനും ഈ ഇടപെടൽ സഹായകമായി. അശ്വമേധം 6.0 പ്രവർത്തനത്തിന്റെ ഭാഗമായി നടത്തിയ ഭവന സന്ദർശനവും സമയോചിതമായ റഫറലും ഫലപ്രദമായ പൊതുജനാരോഗ്യ ഇടപെടലിന്റെ മികച്ച ഉദാഹരണമാണ്.

കുഞ്ഞുങ്ങൾക്ക് അമ്മിഞ്ഞപ്പാൽ ഉറപ്പ് വരുത്തി

# തൃശ്ശൂർ ഗവ.മെഡിക്കൽ കോളേജിലെ സമഗ്ര മുലയൂട്ടൽ പരിപാലന കേന്ദ്രം

തൃശ്ശൂർ: പാലക്കാട് നിവാസിയായ നിർമ്മല രണ്ടാമത്തെ ഗർഭധാരണത്തിൽ ഏഴാം മാസത്തോട് അടുത്തപ്പോൾ കുഞ്ഞിന് അനക്ക കുറവ് അനുഭവപ്പെടുകയും, പാലക്കാട് അമ്മയും കുഞ്ഞും ആശുപത്രിയെ സമീപിക്കുകയും ചെയ്തു. കുഞ്ഞിന് ബ്ലഡ് സർക്കുലേഷനും അനക്കവും കുറവാണെന്ന് ഡോക്ടർ പറഞ്ഞതിനെ തുടർന്ന് പാലക്കാട് ജില്ലാ ആശുപത്രിയിലേക്ക് പ്രവേശിപ്പിച്ചു. ഒരു ദിവസത്തെ ആശുപത്രി വാസത്തിനു ശേഷം തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് മാറ്റി. തുടർന്ന് സിസേറിയനിലൂടെ കുഞ്ഞിനെ പുറത്തെടുത്തു. 28 ആഴ്ചയായിരുന്നെങ്കിലും കുഞ്ഞിന് 24 ആഴ്ചയുടെ വളർച്ചയായിരുന്നു ഉണ്ടായിരുന്നത് കുഞ്ഞിനെ എൻ.ഐ.സി.യു. ലേക്കും അമ്മയെ പോസ്റ്റ് നാറ്റൽ വാർഡിലേക്കും മാറ്റി. വാർഡിലെ റൗണ്ട്സിനിടയിൽ ഡോക്ടർമാർ കുഞ്ഞിന് മുലപ്പാൽ കൊടുക്കുന്നതിനെപ്പറ്റിയും കുഞ്ഞിനെ മാസം തികയാതെ പ്രസവിച്ചതിനാൽ സമഗ്ര മുലയൂട്ടൽ പരിപാലന കേന്ദ്രത്തിൽ (CLMC) പോയി മുലപ്പാൽ പിഴിഞ്ഞ് നൽകുന്നതിനെ കുറിച്ചും വിശദീകരിച്ചു. സി.എൽ.എം.സി.യിൽ പോയിരുന്നെങ്കിലും നിർമ്മലക്ക് മുലപ്പാൽ വളരെ കുറവായിരുന്നു. കുഞ്ഞിന്റെ വിശപ്പ് മാറിയിരുന്നതുമില്ല. അതുകൊണ്ട് തന്നെ സി.എൽ.എം.സി. യിൽ മറ്റ് അമ്മമാരിൽ നിന്ന് സ്വീകരിച്ച മുലപ്പാൽ കുഞ്ഞിന് നൽകി പരിഹാരം




കണ്ടെത്തി. ഒപ്പം കൃത്യമായ ഇടവേളകളിൽ സി.എൽ.എം.സി.യിൽ പോയി ഇലക്ട്രിക് ബ്രസ്റ്റ് പമ്പ് ഉപയോഗിച്ച് പാൽ എടുത്തതിനാൽ പാൽ വർദ്ധിക്കുകയും കുഞ്ഞിന് ആവശ്യത്തിന് നൽകിയതിനു ശേഷം മിച്ചമുള്ള പാൽ സി.എൽ.എം.സി.യിൽ ദാനം ചെയ്യുകയും ചെയ്യുന്നുണ്ട്. ജനനസമയത്ത് കുഞ്ഞിന് 650 ഗ്രാം മാത്രമായിരുന്നു തൂക്കം. എന്നാൽ നവജാത ശിശുരോഗ വിഭാഗത്തിന്റേയും സി.എൽ.എം.സി.യുടേയും ജീവനക്കാരുടെ പിന്തുണ കാരണം ഇപ്പോൾ 1.645 കി.ഗ്രാം തൂക്കമായി ഉയർന്ന് കുഞ്ഞിന് ആരോഗ്യത്തോടെ ഇരിക്കുന്നു. സമഗ്ര മുലയൂട്ടൽ പരിപാലന കേന്ദ്രത്തിൽ (CLMC) കുഞ്ഞുങ്ങളുടെ ഉപയോഗത്തിനു ശേഷം മിച്ചം വരുന്ന മുലപ്പാൽ അമ്മമാരിൽ നിന്ന് ശേഖരിച്ച് സംഭരിച്ച്, പാസ്ച്ചറൈസേഷൻ പ്രക്രിയക്ക് വിധേയമാക്കി മൈക്രോബയോളജി ടെസ്റ്റുകൾക്ക് ശേഷം അണുവിമുക്തമാക്കിയ പാൽ ഡോക്ടറുടെ നിർദ്ദേശ പ്രകാരം കുഞ്ഞുങ്ങൾക്ക് വിതരണം ചെയ്യുന്നു. തൃശ്ശൂർ ഗവ.മെഡിക്കൽ കോളേജിൽ പ്രവർത്തിക്കുന്ന സി.എൽ.എം. സി. ആരംഭിച്ച അന്ന് മുതൽ നവജാതശിശുരോഗ വിഭാഗത്തിലെ കുഞ്ഞുങ്ങൾക്ക് മറ്റ് സപ്ലിമെന്റ്സ് ഒന്നും നൽകാതെ പാസ്ച്ചറൈസ് ചെയ്ത ഡോണർ ഹ്യൂമൻ മിൽക്ക് ആണ് നൽകുന്നത്.

ലഹരിയെ തുരത്താൻ

# കർമ്മ 2.0 പദ്ധതിക്ക് തുടക്കം



പത്തനംതിട്ട: ആരോഗ്യവകുപ്പിന്റെയും ആരോഗ്യ കേരളത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി പത്തനംതിട്ട ജില്ലയിൽ കർമ്മ 2.0 രണ്ടാം ഘട്ടം പദ്ധതിക്ക് തുടക്കമായി. പരിപാടിയുടെ ജില്ലാതല ഉദ്ഘാടനം കിടങ്ങന്നൂർ എസ്.വി ജി. വി ഹയർ സെക്കൻഡറി സ്കൂളിൽ പന്തളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വിനീത അനിൽ നിർവഹിച്ചു. പന്തളം ബ്ലോക്ക് പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ വിലാസിനിയമ്മ യോഗത്തിൽ അധ്യക്ഷത വഹിച്ചു. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം ) ഡോ അനിത കുമാരി എൽ മുഖ്യപ്രഭാഷണം നടത്തി. ദേശീയ ആരോഗ്യ ദൗത്യം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. ജിനു ജി തോമസ് വിദ്യാർത്ഥികൾക്കായി ലഹരി വിരുദ്ധ ദിന പ്രതിജ്ഞ ചൊല്ലികൊടുത്തു. പത്തനംതിട്ട എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ എസ് ബൈജു ദിനാചരണ സന്ദേശം നൽകി.

ജില്ലയിലെ വിദ്യാലയങ്ങളിൽ ആരോഗ്യവകുപ്പിന്റെയും ആരോഗ്യ കേരളത്തിന്റെയും നേതൃത്വത്തിൽ പിയർ എഡ്യൂക്കേറ്റർമാർ നേതൃത്വം നൽകുന്ന ലഹരി വിരുദ്ധ പരിപാടിയാണ് കർമ്മ. കുട്ടികൾക്കിടയിലെ ലഹരി ഉപയോഗം തടയുന്നതിനും അമിതമായ രീതിയിലുള്ള ഇന്റർനെറ്റ്, മൊബൈൽ ഫോണുകൾ എന്നിവയുടെ ദുരുപയോഗം തടയുക എന്ന ലക്ഷ്യത്തോടെയുമാണ് കർമ്മ 2.0 പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. കുട്ടികൾക്കിടയിലെ ലഹരി ഉപയോഗം, ലഹരി എത്തിക്കുന്ന ഉറവിടങ്ങൾ എന്നിവ കണ്ടെത്തുന്നതിനും തടയുന്നതിനുമായി കർമ്മ 2.0 പദ്ധതിയുടെ ആദ്യപടിയായി ജില്ലയിലെ തിരഞ്ഞെടുക്കപ്പെട്ട 30 സ്കൂളുകളിൽ കർമ്മ ബോക്സുകൾ സ്ഥാപിക്കും. ഇതിലൂടെ ലഭിക്കുന്ന വിവരങ്ങൾ വിദ്യാഭ്യാസ സ്ഥാപന മേധാവികൾ ആരോഗ്യ വകുപ്പ് വഴി പോലീസിന് കൈമാറും. വിവരങ്ങൾ കൈമാറുന്നവരുടെ സ്വകാര്യത ഉറപ്പുവരുത്തി ആയിരിക്കും പദ്ധതി നടപ്പാക്കുന്നത്. ആറന്മുള സർക്കിൾ ഇൻസ്പെക്ടർ വി. സജു കിടങ്ങന്നൂർ എസ്. വി. ജി. വി സ്കൂൾ ഹെഡ്മിസ്ട്രസ് എൻ എസ് സുനിതയ്ക്ക് കർമ്മ ബോക്സ് കൈമാറിക്കൊണ്ട് പദ്ധതിക്ക് തുടക്കം കുറിച്ചു. പരിപാടിയിൽ പിയർ എഡ്യൂക്കേറ്റർമാർക്കുള്ള യൂണിഫോം വിതരണം ജില്ലാ മെഡിക്കൽ ഓഫീസർ ഡോ എൽ അനിത കുമാരി നിർവഹിച്ചു. സാമൂഹിക ആരോഗ്യ കേന്ദ്രം കാഞ്ഞേറുകര മെഡിക്കൽ ഓഫീസർ ഡോ. ബിബിൻ സാജൻ വിദ്യാർത്ഥികൾക്കായി ബോധവൽക്കരണ ക്ലാസ് നയിച്ചു.

ആറന്മുള ഗ്രാമപഞ്ചായത്ത് ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ സോമവല്ലി ദിവാകരൻ, ആറന്മുള ഗ്രാമപഞ്ചായത്ത് അംഗം എം പി ഉണ്ണികൃഷ്ണൻ നായർ, പത്തനംതിട്ട, ജില്ലാ ആർ. സി. എച്ച് ഓഫിസർ ഡോ ശ്യാംകുമാർ കെ കെ ജില്ലാ വിദ്യാഭ്യാസ ഓഫീസർ അമ്പിളി ഭാസ്കരൻ, വല്ലന കുടുംബാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ ഡോ. എ.ഗായത്രി, ഡെപ്യൂട്ടി ജില്ലാ എജ്യുക്കേഷൻ ആൻഡ് മീഡിയ ഓഫീസർമാരായ എം പി ബിജു കുമാർ, ആർ ദീപ, കിടങ്ങന്നൂർ എസ് വി ജി വി ഹയർ സെക്കൻഡറി സ്കൂൾ ഹെഡ്മിസ്ട്രസ് എൻ എസ് സുനിത, ടെക്നിക്കൽ അസിസ്റ്റന്റ് സജിത്ത്, ജില്ലാ ആർ. ബി. എസ്. കെ കോർഡിനേറ്റർ ജിഷ സാരു തോമസ്, ആരോഗ്യ പ്രവർത്തകർ, അധ്യാപകർ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് അംഗങ്ങൾ, വിദ്യാർഥികൾ എന്നിവർ പങ്കെടുത്തു.

# 'അവിരാമം ആരോഗ്യം' പദ്ധതിയുമായി ചിറ്റാറ്റുകര പഞ്ചായത്ത്

എറണാകുളം: സമഗ്ര പൊതുജനാരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചുകൊണ്ട് ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിൽ 'അവിരാമം ആരോഗ്യം' എന്ന പേരിൽ സമഗ്ര ആരോഗ്യപരിപാലന പ്രവർത്തനങ്ങൾക്ക് തുടക്കമായി.

ജനങ്ങളുടെ ആരോഗ്യസംരക്ഷണവും രോഗപ്രതിരോധവും ലക്ഷ്യമാക്കി വിവിധ ആരോഗ്യവിഭാഗങ്ങൾ, ഗ്രാമപഞ്ചായത്ത്, കുടുംബാരോഗ്യ കേന്ദ്രങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശാപ്രവർത്തകർ, കുടുംബശ്രീ സന്നദ്ധ പ്രവർത്തകർ തുടങ്ങിയവരുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. രോഗപ്രതിരോധം, ജീവിതശൈലി രോഗനിയന്ത്രണം, പകർച്ചവ്യാധി നിയന്ത്രണം, മാതൃശിശു ആരോഗ്യ സംരക്ഷണം, വയോജനപരിപാലനം, ആരോഗ്യബോധവത്കരണം തുടങ്ങിയ മേഖലകളിൽ തുടർച്ചയായ പ്രവർത്തനങ്ങൾ ഈ പദ്ധതിയുടെ ഭാഗമായി സംഘടിപ്പിക്കും.

ഇതിന്റെ ഭാഗമായി നൂറിലധികം ആരോഗ്യ ജാഗ്രതാസദസുകൾ നടത്തും. പരിസ്ഥിതിഘടകങ്ങൾ, രോഗാണുവാഹകർ, രോഗസാദ്ധ്യതയുള്ളവർ എന്നിവരെ നിരീക്ഷിച്ചും പ്രതിരോധ പദ്ധതികൾ തയ്യാറാക്കിയും തുടർച്ചയായ ആരോഗ്യസേവനങ്ങൾ ഉറപ്പാക്കും. മുഴുവൻ ജനങ്ങളിലേക്കും ആരോഗ്യ സന്ദേശങ്ങൾ എത്തിച്ച് രോഗപ്രതിരോധവും ആരോഗ്യകരമായ ജീവിതശൈലിയും പ്രോത്സാഹിപ്പിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

പഞ്ചായത്ത് ഹാളിൽ നടന്ന ചടങ്ങിൽ പ്രസിഡന്റ് എൻ കെ സാബു പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ചു. ആരോഗ്യ – വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ അധ്യക്ഷത വഹിച്ചു.മെഡിക്കൽ ഓഫീസർ ഇൻ ചാർജ് ഡോ മഞ്ജു കെ എസ് മുഖ്യപ്രഭാഷണം നടത്തി. ഹെൽത്ത് ഇൻസ്പെക്ടർ പി ജി ആന്റണി വിഷയവതരണം നടത്തി. ഗ്രാമപഞ്ചായത്ത് സെക്രട്ടറി അജയ് ജോർജ്, ഗ്രാമപഞ്ചായത്ത് അംഗങ്ങൾ സംസാരിച്ചു.

# രക്തദാനം മഹത്തായ ജനസേവനം



കോട്ടയം: രക്തദാനമെന്നത് മാനവികതയുടെ അടയാളവും മഹത്തായ ജനസേവനവുമാണ്. സന്നദ്ധ രക്തദാനത്തിന്റെ പ്രാധാന്യം ജനങ്ങളിലേക്ക് എത്തിക്കുന്നത് ലക്ഷ്യമിട്ട് കോട്ടയം ആരോഗ്യവകുപ്പ് 2026 ജൂൺ 12ന് ലോക രക്തദാന ദിനാചരണം സംഘടിപ്പിച്ചു. പാലാ മുനിസിപ്പൽ ടൗൺ ഹാളിൽ വച്ച് നടത്തിയ ക്യാമ്പിൽ 107 പേർ രക്തദാനം നല്കി. ഒരാളുടെ ചെറിയൊരു പ്രവർത്തി മറ്റൊരാളുടെ ജീവൻ രക്ഷിക്കാൻ കഴിയുന്നതിനാൽ ആരോഗ്യവാനായ എല്ലാവർക്കും ഉത്തരവാദിത്തത്തോടെ സന്നദ്ധ രക്തദാനത്തിൽ പങ്കാളികളാകാവുന്നതാണ്. ജില്ലാതല ഉദ്ഘാടനം ജലവിഭവ വകുപ്പ് മന്ത്രി അഡ്വ. മോൻസ് ജോസഫ് നിർവ്വഹിച്ചു.

അന്താരാഷ്ട്ര യോഗാ ദിനാചരണം

# ജില്ലാതല ഉദ്ഘാടനം അണ്ടൂർക്കോണത്ത്

തിരുവനന്തപുരം: അന്താരാഷ്ട്ര യോഗാ ദിനാചരണത്തോടനുബന്ധിച്ച് ജില്ലാതല യോഗാദിന ഉദ്ഘാടനവും പരിപാടികളും സംഘടിപ്പിച്ചു. അണ്ടൂർക്കോണം സി.എച്ച്.സി.യിൽ വെച്ച് നടന്ന ചടങ്ങിൽ പ്രമുഖ ജനപ്രതിനിധികളും ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥരും പങ്കെടുത്തു.

പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ജോളി പത്രോസ് പരിപാടിയുടെ ഔദ്യോഗിക ഉദ്ഘാടനം നിർവ്വഹിച്ചു. അണ്ടൂർ ക്കോണം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി അർച്ചന ആർ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ബിന്ദു മോഹൻ മുഖ്യപ്രഭാഷണം നടത്തി. ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. അർണോൾഡ് ദീപക് ദിനാചരണ സന്ദേശം നൽകി.

ഉദ്ഘാടന ചടങ്ങുകൾക്ക് ശേഷം ആർട്ട് ഓഫ് ലിവിങ് പ്രതിനിധിയായ സ്വാമി.ചിത്സ്വരൂപ് ജി യുടെ നേതൃത്വത്തിൽ പൊതുജനങ്ങൾക്കായി യോഗ പരിശീലനവും നടന്നു. ജില്ലാ എജ്യുക്കേഷൻ മീഡിയ ഓഫീസർ ശ്രീമതി പമീല ബി ചടങ്ങിൽ കൃതജ്ഞത രേഖപ്പെടുത്തി.


ഡോ. രേഷ്മ സാജൻ. കെ. കെ
പ്രൊഫസർ & ഹെഡ്
ഗൈനക്കോളജി വിഭാഗം
ഗവ മെഡിക്കൽ കോളേജ്
പാലക്കാട്


ജാഗ്രത പാലിക്കാം

# ഡെങ്കിപ്പനി ഗർഭിണികളിലും കുട്ടികളിലും: അറിയാം



**കൊതുകുജന്യ** വൈറൽ രോഗമായതുകൊണ്ടു ഡെങ്കിപ്പനി ഗർഭിണികളിലും കുട്ടികളിലും മറ്റെല്ലാവരെയും പോലെത്തന്നെ പിടിപെടാം.

## ഡെങ്കിപ്പനിയുടെ രോഗലക്ഷണങ്ങൾ

40-80% ആളുകളിൽ ചെറിയ ക്ഷീണമോ പനിയായോ, ലക്ഷണങ്ങളില്ലാതെയും ഡെങ്കിപ്പനി വരാം. ആദ്യ ദിവസങ്ങളിൽ പനി ,തലവേദന, കണ്ണിനു പിന്നിലുള്ള അതിയായ വേദന, വയറുവേദന, ക്ഷീണം, സന്ധിവേദന, തൊണ്ടവേദന, ശരീരവേദന ചർദ്ദി, വയറിളക്കം, തൊലിയിലെ തിണർപ്പ് തുടങ്ങിയ ലക്ഷണങ്ങൾ അനുഭവപ്പെടാം. പനി മാറിത്തുടങ്ങിയാലും, ഏകദേശം ഇരുപതിൽ ഒരാൾക്ക് രോഗം മൂർച്ഛിച്ച് മറ്റ് അവയവങ്ങളെ ബാധിക്കുകയും അമിതമായ ക്ഷീണം, ചർദ്ദി, വയറുവേദന, ശ്വാസതടസ്സം, നെഞ്ചിടിപ്പ്, മോണയിലോ മൂക്കിലോ മൂത്രത്തിലോ മലത്തിലോ രക്തസ്രാവം, വയറു വീർപ്പ്, മൂത്രത്തിന്റെ കുറവ് എന്നീ ലക്ഷണങ്ങൾ വരാം. ഡെങ്കിപ്പനി രണ്ടാമത് വരികയാണെങ്കിൽ വളരെ കൂടുതൽ പ്രശ്നങ്ങൾ ഉണ്ടാകാം.

## ഗർഭിണികളിലെയും ശിശുക്കളിലെയും വ്യത്യാസങ്ങൾ:

- ചർദ്ദി, ക്ഷീണം ശ്വാസതടസ്സം എന്നിവ ഗർഭസംന്ധമായ ലക്ഷണങ്ങളായിക്കരുതുന്നതുമൂലം രോഗനിർണ്ണയവും ചികിത്സയും വൈകാനും മൂർച്ഛിക്കാനും സാധ്യത കൂടുതലാണ്.

- ഗർഭിണികളിൽ രോഗപ്രതിരോധശേഷി കുറവായതിനാൽ, നിർജ്ജലീകരണം, രക്താണുക്കൾ കുറഞ്ഞ് ആന്തരിക അവയവങ്ങളിൽ രക്തസ്രാവം, വൃക്ക കരൾ ഹൃദയം ശ്വാസകോശം തലച്ചോറ് എന്നിവയെ ബാധിച്ച് അപകടസാധ്യത കൂടാം.

- ഗർഭാവസ്ഥയിൽ വരുന്ന അമിത രക്തസമ്മർദ്ദം, മൂത്രത്തിൽ പഴുപ്പ്, രക്തസ്രാവം മുതലായ ചില അസുഖങ്ങളുടെ ലക്ഷണങ്ങളുമായി ഡെങ്കിപ്പനിക്ക് സാമ്യം തോന്നാം. മേൽപ്പറഞ്ഞ അസുഖമുള്ളവരിലും ഗർഭകാലത്തെ വിളർച്ചയും പ്രമേഹമുള്ളവരിലും ഡെങ്കിപ്പനി വന്നാൽ മാരകമാകാൻ സാധ്യതയും വളരെ കൂടുതലാണ്. ഗർഭാവസ്ഥയിലെ ടെസ്റ്റുകളുടെ പ്രത്യേകിച്ച് രക്താണുകളുടെ അളവ്, കരളിന്റെയും കിഡ്നിയുടെയും ടെസ്റ്റുകളുടെ അളവുകൾ വ്യത്യസ്തമാണ്. അത് കൊണ്ട് സ്വയം ലാബിൽ പോയി ടെസ്റ്റ് ചെയ്ത് അസുഖമില്ലെന്ന് സ്വയം സ്ഥിരീകരിക്കരുത്.

- നവജാതശിശുക്കളിൽ, പനി കൂടാതെ, അമിതമായ കരച്ചിൽ, പാല് കുടിക്കാതിരിക്കുക, അമിതമായ ക്ഷീണം/ഉറക്കം, മൂത്രം കുറവ്, മൂത്രത്തിലും മലത്തിലും രക്തം കാണുക, വയറ് വീർക്കുക വയറിളക്കം, ദേഹം തിണർക്കുക, തൊലിയിൽ നിന്നോ മൂക്കിൽ നിന്നോ രക്തം പൊടിയുക, തൊലിയിൽ കുത്തുകളായി കാണുക, ശ്വാസ തടസ്സം എന്നിവ ശ്രദ്ധിക്കേണ്ട ലക്ഷണങ്ങളാണ്.

## ഗർഭിണികളിൽ ഡെങ്കിപ്പനി വന്നാലുള്ള അപകടങ്ങൾ

- രക്തസ്രാവം, ഗർഭം അലസുക, ഗർഭസ്ഥശിശുവിന്റെ വളർച്ചക്കുറവ്, മരണം, മാസം തികയാതെ പ്രസവം, പ്രസവസമയത്തോ ഓപറേഷൻ സമയത്തോ അമിതരക്തസ്രാവം, രക്തം കയറ്റേണ്ട സാധ്യത എന്നിവ ഉണ്ടാകാം. രോഗം മൂർച്ഛിച്ചാൽ പ്രസവമോ ഓപ്പറേഷനോ വേണ്ടി വന്നേക്കാം.

- പ്രസവസമയത്ത് ഗർഭിണിക്ക് ഡെങ്കിപ്പനി പിടിപെട്ടാൽ കുഞ്ഞിന് മറുപിള്ള വഴി രോഗം ബാധിച്ചാൽ നവജാതശിശുവിന്റെ മരണം വരെ സംഭവിക്കാം.

## ഗർഭകാലത്ത് പ്രത്യേകമായി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.

- ഡെങ്കിപ്പനി വരാതിരിക്കാനുള്ള മുൻകരുതലെടുക്കുക, ചെറിയ ക്ഷീണമാണെങ്കിലും ശരീരവേദനയാണെങ്കിലും, അതെല്ലാം ഗർഭിണിയുടെ ക്ഷീണമെന്നു കരുതാതെ ഗൗരവമായിക്കണ്ട് ഡോക്ടറെ കാണിക്കുക.

- ഡോക്ടറുടെ നിർദ്ദേശ പ്രകാരം ടെസ്റ്റുകൾ ചെയ്ത് അസുഖം സ്ഥിരീകരിക്കുകയും, ആവശ്യാനുസരണം രക്താണുക്കൾ കുറയുന്നുണ്ടോ മറ്റ് അവയവങ്ങൾ ബാധിക്കപ്പെടുന്നുണ്ടോ എന്ന് കൃത്യമായി തുടർപരിശോധന നടത്തുകയും, അഡ്മിറ്റ് ആയി ചികിത്സ എടുക്കുകയും വേണം. ലക്ഷണം കൂടിയാൽ വരാമെന്ന് പറഞ്ഞു പോകാതിരിക്കുക. അസുഖം മാറിയതിനു ശേഷം മാത്രം ഡിസ്ചാർജ് ആകുക.

- സ്വയം രോഗനിർണ്ണയം നടത്തുന്നതും സ്വയം ചികിത്സയും അപകടം വരുത്തും. ഡോക്ടറെ കാണിച്ച് ഡെങ്കിപ്പനി സ്ഥിരീകരിക്കാതെ മരുന്നുകടകളിൽ നിന്ന് വേദന സംഹാരികളും മറ്റു മരുന്നുകളും കഴിക്കുന്നതും; ഇടയ്ക്കിടെ പോയി ഡ്രിപ്പ് മാത്രം കേറ്റുന്നതും വിപരീത ഫലം ചെയ്യും. ഡൈക്ലോഫിനാക്, ഇബൂപ്രൂഫൻ, ആസ്പിരിൻ തുടങ്ങിയ പനി വേദനസംഹാരികളും സ്റ്റിറോയ്ഡും, അനാവശ്യമായ ആന്റിബയോട്ടിക്കുകളും വിപരീതഫലം ചെയ്യും.

- ഗർഭകാലത്ത് ഡോക്ടർ നിർദ്ദേശിച്ചാൽ കുട്ടിക്ക് കേടാണെന്ന് കരുതി, പാരസെറ്റമോൾ ഗുളിക കഴിക്കാൻ മടിക്കരുത്. പനി കൂടുന്നതാണ് ഗർഭസ്ഥ ശിശുവിന് കൂടുതൽ അപകടം. ആസ്പിരിൻ പോലുള്ള മരുന്നുകൾ കഴിക്കുന്ന ഗർഭിണികൾ ഡെങ്കിപ്പനി ബാധിച്ചാൽ ഡോക്ടറുടെ നിർദ്ദേശമനുസരിച്ച് മാറ്റങ്ങൾ വരുത്തേണ്ടതാണ്.

- രോഗിയുടെയും ഗർഭസ്ഥ ശിശുവിന്റെയും വിവരമറിയാൻ അൾട്രാസൗണ്ട് സ്കാനിങ്ങ് ചെയ്യണം.

- രക്തം കയറ്റാനുള്ള ആവശ്യകത മനസ്സിലാക്കി അതേ രക്തഗ്രൂപ്പിലുള്ള ആൾക്കാരെ നേരത്തെ കണ്ടെത്തുക. രോഗം സ്ഥിരീകരിക്കാതെ കുത്തിവെയ്പുകൾ എടുക്കരുത്.

- സാധാരണ കാണിക്കുന്ന ആശുപത്രിയിൽ വേണ്ടുന്ന ചികിത്സാസൗകര്യമില്ലാത്ത പക്ഷം ഡോക്ടറുടെ നിർദ്ദേശാനുസരണം കൂടുതൽ സൗകര്യമുള്ള ആശുപത്രിയിൽ ചികിത്സ നേടുക.

## ശ്രദ്ധിക്കേണ്ട മറ്റു കാര്യങ്ങൾ:

വെള്ളക്കെട്ടിൽ മാത്രമല്ല, വീടിനകത്ത് പകൽ സമയത്തും ഇത്തരം കൊതുകുകൾ ഉണ്ടാകാം. അതുകൊണ്ട് വീടിനകവും വൃത്തിയായി വെക്കുക. ദേഹം പുതയ്ക്കുന്ന രീതിയിലുള്ള വസ്ത്രങ്ങൾ ധരിക്കുക. ഡ്രസ്സിൽ പുരട്ടാവുന്ന തരം മോസ്കിറ്റോ റിപ്പലെന്റുകൾ ആണ് കൂടുതൽ അഭികാമ്യം.

# വ്യക്തിശുചിത്വം പാലിക്കാം ഷിഗെല്ല രോഗം തടയാം

# എന്താണ് ഷിഗെല്ല?



**ഷിഗെല്ല** എന്ന ബാക്ടീരിയ ശരീരത്തിൽ പ്രവേശിക്കുന്നതുമൂലം കുടലിലുണ്ടാകുന്ന ഒരിനം അണുബാധയാണ് ഷിഗെല്ല രോഗം വയറിളക്കം, ഛർദ്ദി എന്നിവയാണ് പ്രധാന ലക്ഷണം. കുടലിന്റെ ആവരണത്തെ ബാക്ടീരിയ ബാധിക്കുകയും അവിടെ തകരാറുകൾ സൃഷ്ടിക്കുകയും ചെയ്യുന്നു. മറ്റ് വയറിളക്ക രോഗങ്ങളെ അപേക്ഷിച്ച് വളരെ പെട്ടെന്ന് പടർന്നു പിടിക്കാൻ സാധ്യതയുള്ള ഒന്നായതിനാൽ പ്രത്യേക ജാഗ്രത പുലർത്തണം.

## ലക്ഷണങ്ങൾ:

ബാക്ടീരിയ ശരീരത്തിൽ പ്രവേശിച്ച് ഒന്നോ രണ്ടോ ദിവസങ്ങൾക്കുള്ളിൽ ലക്ഷണങ്ങൾ പ്രകടമായേക്കാം:

- കടുത്ത പനിയോടുകൂടിയ വയറിളക്കം.
- മലത്തിൽ രക്തം, കഫം എന്നിവ കാണപ്പെടുക.
- കടുത്ത വയറുവേദനയും വയറു കോച്ചിപ്പിടുത്തവും.
- ഓക്കാനം, ഛർദ്ദി.
- കടുത്ത ക്ഷീണം, ശരീരവേദന.
- എപ്പോഴും മലവിസർജ്ജനം നടത്താനുള്ള അമിതമായ തോന്നൽ.

## പകരുന്ന വിധം

- രോഗാണുക്കൾ അടങ്ങിയ മലിന ജലം കുടിക്കുന്നതിലൂടെയും മലിന ജലത്തിൽ തയ്യാറാക്കുന്ന ആഹാരം കഴിക്കുന്നതിലൂടെയുമാണ് പ്രധാനമായും രോഗം പകരുന്നത്.
- രോഗിയുടെ വിസർജ്യത്തിൽ നിന്നുള്ള ബാക്ടീരിയകൾ മറ്റൊരാളുടെ ഉള്ളിൽ എത്തുമ്പോഴാണ് രോഗബാധയുണ്ടാകുന്നത്.
- വ്യക്തിശുചിത്വം പാലിക്കാത്തതുമൂലവും രോഗബാധിതരുമായി നേരിട്ടുള്ള സമ്പർക്കത്തിലൂടെയും രോഗം പകരാം.
- തുറസ്സായ സ്ഥലങ്ങളിലെ വിസർജ്ജനം മൂലം ഈച്ചകളും മറ്റും വഴി ബാക്ടീരിയ ഭക്ഷണത്തിലും കുടിവെള്ളത്തിലും എത്തുമ്പോഴും അണുബാധ ഉണ്ടാകാം.

## പ്രതിരോധ മാർഗ്ഗങ്ങൾ:

- ആഹാരം പാകം ചെയ്യുന്നതിന് മുൻപും, ഭക്ഷണം കഴിക്കുന്നതിന് മുൻപും, മലവിസർജ്ജനത്തിന് ശേഷവും കൈകൾ സോപ്പും വെള്ളവും ഉപയോഗിച്ച് നന്നായി കഴുകുക.
- തിളപ്പിച്ചാറ്റിയ വെള്ളം മാത്രം കുടിക്കാൻ ഉപയോഗിക്കുക.
- ഭക്ഷണം എപ്പോഴും അടച്ചു സൂക്ഷിക്കുക. പഴകിയതും തുറന്നു വെച്ചതുമായ ഭക്ഷണപദാർത്ഥങ്ങൾ കർശനമായും ഒഴിവാക്കുക.
- പഴങ്ങളും പച്ചക്കറികളും ശുദ്ധജലത്തിൽ നന്നായി കഴുകിയ ശേഷം മാത്രം ഉപയോഗിക്കുക.
- രോഗലക്ഷണങ്ങളുള്ളവരുമായി നേരിട്ടുള്ള സമ്പർക്കം ഒഴിവാക്കുക. രോഗികൾക്ക് പ്രത്യേക ശുചിമുറി സൗകര്യങ്ങൾ ഏർപ്പെടുത്താൻ ശ്രദ്ധിക്കുക.
- രോഗലക്ഷണങ്ങളുള്ള ആളുകളുടെ വ്യക്തിഗത സാധനങ്ങളുമായി സമ്പർക്കം പുലർത്താതിരിക്കുക
- കുഞ്ഞുങ്ങളുടെ ഡയപ്പറുകൾ സുരക്ഷിതമായ രീതിയിൽ മാത്രം സംസ്കരിക്കുക.
- വ്യക്തിശുചിത്വവും ഭക്ഷണ–കുടിവെള്ള ശുചിത്വവും പരിസരശുചിത്വവും ഉറപ്പാക്കുക. തുറസ്സായ സ്ഥലങ്ങളിൽ മലവിസർജ്ജനം നടത്താതിരിക്കുക.
- കുട്ടികളിലും വയോജനങ്ങളിലും നിർജലീകരണം പ്രധാന അപകടസാധ്യതയാണ്.
- പൊതുജനങ്ങൾ പരിഭ്രാന്തരാകേണ്ടതില്ലെന്നും ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ രോഗനിരീക്ഷണവും പകർച്ചവ്യാധി പ്രതിരോധപ്രവർത്തനങ്ങളും.
- ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. രോഗലക്ഷണങ്ങളുള്ളവർ എത്രയും പെട്ടെന്ന് അടുത്തുള്ള ആരോഗ്യകേന്ദ്രത്തിൽ ചികിത്സ തേടണം. കുട്ടികളിലും പ്രായമായവരിലും രോഗം ഗുരുതരമാകാൻ സാധ്യതയുള്ളതിനാൽ പ്രത്യേക ശ്രദ്ധയും ജാഗ്രതയും പുലർത്തണം.